# എറണാകുളം മിസ്സം

# ERNAKULAM MISSAM

English & Malayalam Monthly

Vol. No. 67 Issue No. 10 October 2024 Rs. 15/-







# എറണാകുളം മിസ്സം

**ERNAKULAM MISSAM**

English & Malayalam Monthly

Vol. No. 67 Issue No. 10 October 2024 Rs. 15/-






4. പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

5. സിനഡനന്തര സർക്കുലർ

11. ലോക പ്രേഷിതദിന സന്ദേശം

27. കച്ചേരിക്കാര്യം
- Transfers/Appointments

28. വാർത്തകളും വിശേഷങ്ങളും

31. നിര്യാതരായി

31. AICO

32. വിശ്വാസപരിശീലന കേന്ദ്രം

33. ഫാമിലി അപ്പോസ്റ്റലേറ്റ്

35. സഹൃദയ (അതിരൂപതാ സോഷ്യൽ സർവ്വീസസ്)

40. നൈപുണ്യ ഇന്റർനാഷണൽ

42. കോർപ്പറേറ്റ് എഡ്യൂക്കേഷൻ ഏജൻസി

43. കാത്തലിക് ടീച്ചേഴ്സ് ഗിൽഡ്

44. അതിരൂപതാ ഡയറി



**Editor: Fr. Biju Varghese**

**Office:**
The Major Archeparchial Curia
Major Archbishop's House, Ernakulam
P.B.No. 2580, Kochi 682031, Kerala, INDIA.
Tel: 0484-2352629, 2352906

**Website & E-mail**
www.ernakulamarchdiocese.org
missamekm@gmail.com

**Printed and Published by**
Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524 , Lisie Hospital Road, Ernakulam Dist., Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.

എറണാകുളം മിസ്സം

# പ്രാർത്ഥനയിൽ അനുസ്മരിക്കാൻ

| Name & Parish | Birth | Ordn. | Death |
|---|---|---|---|
| Fr. Menachery Joseph, Karumaloor | 1899 | 1928 | 3-10-1988 |
| Fr. Mangaly Paul, Manjapra | 1892 | 1923 | 4-10-1977 |
| Fr. Payapilly Varghese, Konthuruthy | 1876 | 1907 | 5-10-1929 |
| Fr. Payyappilly Thomas, Thuravoor | 1917 | 1948 | 5-10-1975 |
| Fr. Nalkara Joseph, Akaparambu | 1891 | 1915 | 7-10-1948 |
| Fr. Meleth Thomas, Chunangamvely | 1941 | 1967 | 8-10-1987 |
| Fr. Bharanikulangara Joseph, Thuravoor North | 1932 | 1959 | 8-10-2012 |
| Fr. Manikanamparambil Yohannan, Udayamperoor | 1837 | 1865 | 09-10-1898 |
| Fr. Manikanamparambil Joseph, Udayamperoor | 1869 | 1897 | 10-10-1948 |
| Fr. Parampy Joseph, Mampra | 1908 | 1937 | 10-10-1949 |
| Fr. Muttumana Joseph, Vaikom Town | 1923 | 1950 | 11-10-2010 |
| Fr. Eravely Mathias TOCD, Amballoor | 1854 | | 13-10-1933 |
| Fr. Veluthedath Thomas, Kudavechoor | 1904 | 1933 | 13-10-1971 |
| Fr. Panachickal George, Malayattoor | 1933 | 1960 | 17-10-2009 |
| Fr. Chaniparambil Cyriac, Ezhupunna | 1929 | 1958 | 17-10-2010 |
| Fr. Pulianthuruthil Joseph, Aluva | 1894 | 1921 | 18-10-1958 |
| Fr. Malamel Samuel, Edappally | 1941 | 1967 | 18-10-2012 |
| Fr. Kandathil Stephen, Malayattoor | 1941 | 1968 | 20-10-2023 |
| Fr. Painadeth Valiya Paulose, Karukutty | 1862 | 1893 | 21-10-1937 |
| Msgr. Thaliath Joseph, Puthenpally | 1915 | 1942 | 21-10-1996 |
| Fr. Koilparambil Mathew, Pallippuram | 1938 | 1966 | 21-10-2014 |
| Fr. Kattarath Varkey, Thottakom | | | 24-10-1931 |
| Fr. Pottayil Issac, Vaikom | 1902 | 1933 | 26-10-1985 |
| Fr. Vazhathara Joseph, Pallipuram | 1882 | 1912 | 28-10-1964 |
| Fr. Vadapuram Job, Chalil | 1900 | 1933 | 28-10-1974 |
| Fr. Chakiath Joseph, Thundathumkadavu | 1926 | 1952 | 29-10-1995 |
| Fr. Thattezhath Joseph, Kothavara | 1913 | 1941 | 29-10-2003 |

Prot. No. 0857/2024

# സിനഡനന്തര സർക്കുലർ

സീറോമലബാർസഭയുടെ
മേജർ ആർച്ചുബിഷപ്പ് മാർ റാഫേൽ തട്ടിൽ
തന്റെ സഹശുശ്രൂഷകരായ
മെത്രാപ്പോലീത്താമാർക്കും മെത്രാൻമാർക്കും
വൈദികർക്കും സമർപ്പിതർക്കും തന്റെ അജപാലനശുശ്രൂഷയ്ക്ക്
ഏല്പിക്കപ്പെട്ടിരിക്കുന്ന എല്ലാ ദൈവജനത്തിനും എഴുതുന്നത്.

കർത്താവിന്റെ കൃപ നിങ്ങളെല്ലാവരോടുംകൂടെ ഉണ്ടായിരിക്കട്ടെ!

മിശിഹായിൽ പ്രിയ സഹോദരീസഹോദരന്മാരേ,

സീറോമലബാർസഭയുടെ മുപ്പത്തിരണ്ടാമതു സിനഡിന്റെ മൂന്നാം സമ്മേളനം 2024 ആഗസ്റ്റ് 19 മുതൽ 31 വരെ സഭയുടെ ആസ്ഥാന കാര്യാലയമായ മൗണ്ട് സെന്റ് തോമസിൽ നടന്നു. പ്രതിസന്ധികൾക്കിടയിലും ദൈവപരിപാലനയുടെ അതിശയകരമായ നടത്തിപ്പ് അനുഭവിച്ചറിയാനുള്ള അവസരമായാണ് സിനഡുസമ്മേളനം അനുഭവപ്പെട്ടത്. സഭയെയും സമൂഹത്തെയും ബാധിക്കുന്ന നിരവധി കാര്യങ്ങൾ സിനഡുപിതാക്കന്മാരുടെ പരിചിന്തനത്തിനു വിഷയമായി.

### പ്രകൃതി ദുരന്തങ്ങൾ

വയനാട്ടിലും വിലങ്ങാടും സംഭവിച്ച സമാനതകളില്ലാത്ത പ്രകൃതി ദുരന്തത്തിൽ മരണമടഞ്ഞവരെ സിനഡു പ്രാർഥനാപൂർവം അനുസ്മരിച്ചു. ഉറ്റവരെയും ഉടയവരെയും മാത്രമല്ല ഉള്ളതെല്ലാം നഷ്ടപ്പെട്ട് അനാഥരായിത്തീർന്ന ദുരിതബാധിതർക്കൊപ്പം കേരളമൊന്നാകെ നിലകൊണ്ടതു നമ്മുടെ സമൂഹത്തിന്റെ നന്മയും പ്രത്യാശയുടെ പ്രകാശവുമാണ്. ദുരന്ത ബാധിതരെ പുനരധിവസിപ്പിക്കാനുള്ള സംരംഭത്തിൽ സഭയുടെ സമ്പൂർണമായ സഹകരണം ഉറപ്പുവരുത്തിയിട്ടുണ്ട്. വിവിധ സംസ്ഥാനങ്ങളിലെ കത്തോലിക്കാ മെത്രാൻസമിതികളുടെ സഹകരണത്തോടെ ഭവനങ്ങൾ നിർമിച്ചുനല്കാനും ഭൂരഹിതരായവർക്കു ഭവന നിർമാണത്തിനാവശ്യമായ ഭൂമി സൗജന്യമായി വിട്ടുനല്കാനുമുള്ള

സഭയുടെ സന്നദ്ധത ഉത്തരവാദിത്വപ്പെട്ടവരെ ഇതിനോടകം അറിയിച്ചിട്ടുണ്ട്. പുനരധിവാസപ്രക്രിയ ത്വരിതഗതിയിലാക്കാനും ദുരിതബാധിതർക്കുള്ള നഷ്ടപരിഹാരപാക്കേജുകൾ സത്വരമായി പ്രഖ്യാപിക്കാനും സിനഡുസമ്മേളനം സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

നാം 'അധിവസിക്കുന്ന പൊതുഭവനം' എന്നു ഫ്രാൻസിസ് മാർപാപ്പ വിശേഷിപ്പിച്ച നമ്മുടെ പരിസ്ഥിതിയെ സംരക്ഷിക്കാൻ സഭ എന്നും പ്രതിജ്ഞാബദ്ധമാണ്. എന്നാൽ, പരിസ്ഥിതിക്ക് ആഘാതംവരുത്തുന്ന വിവിധ ഖനനങ്ങൾക്കും വൻകിട നിർമാണങ്ങൾക്കും നേരേ കണ്ണടയ്ക്കുകയും കർഷകരെ പരിസ്ഥിതിഘാതകരായി ചിത്രീകരിക്കുകയും ചെയ്യുന്ന തെറ്റായ പരിസ്ഥിതിവാദത്തെ സഭ തിരിച്ചറിയുന്നുണ്ട്.

പ്രകൃതിദുരന്തങ്ങളുടെ മറവിൽ കർഷകദ്രോഹപരമായ നടപടികളാരംഭിക്കാൻ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകുന്ന നീക്കങ്ങൾ അപലപനീയമാണ്. പരിസ്ഥിതിലോലപ്രദേശങ്ങളായി കേരളത്തിലെ 131 വില്ലേജുകൾ ഉൾപ്പെടുത്തിക്കൊണ്ടു കേന്ദ്രസർക്കാർ പുറത്തിറക്കിയ വിജ്ഞാപനം മലയോരകർഷകരിൽ ഏറെ ആശങ്കയുളവാക്കുന്നുണ്ട്. ആയുസ്സുമുഴുവനും അദ്ധ്വാനിച്ചുണ്ടാക്കിയ സ്വന്തം കൃഷിഭൂമി മൂല്യരഹിതമായിത്തീരുന്ന ദയനീയമായ സാഹചര്യമാണ് ഈ വിജ്ഞാപനം വഴി കർഷകർക്കുണ്ടായിരിക്കുന്നത്. ആഗോളതാപനംവഴിയുള്ള അതിവർഷംതുടങ്ങി പ്രകൃതിദുരന്തങ്ങളുടെ യഥാർഥ കാരണം വിശദീകരിക്കുന്ന ശാസ്ത്രീയപഠനങ്ങളെ നിരാകരിച്ചുകൊണ്ട് കർഷകരെ ബലിയാടാക്കാനുള്ള നീക്കം പ്രതിഷേധാർഹവും തിരുത്തപ്പെടേണ്ടതുമാണ്. ഇക്കാര്യത്തിൽ കർഷകരുടെ ആശങ്കയകറ്റാനുള്ള വ്യക്തമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണം.

## സീറോമലബാർ മേജർ ആർക്കി എപ്പിസ്കോപ്പൽ അസംബ്ലി

സീറോമലബാർസഭയുടെ അഞ്ചാമതു മേജർ ആർക്കിഎപ്പിസ്കോപ്പൽ അസംബ്ലിയ്ക്കു ആഗസ്റ്റ് 22 മുതൽ 25 വരെ പാലാ രൂപതയിലെ അൽഫോൻസ്യൻ പാസ്റ്ററൽ ഇൻസ്റ്റിറ്റ്യൂട്ടും സെന്റ് തോമസ് കോളേജും സംയുക്തമായി ആതിഥേയത്വം വഹിച്ചു. സംഘാടകമികവുകൊണ്ടും കൂട്ടായ്മയുടെ സാക്ഷ്യംകൊണ്ടും ചർച്ചാവിഷയങ്ങളുടെ കാലികപ്രസക്തി കൊണ്ടും ഇത്തവണത്തെ അസംബ്ലി ഏറെ ശ്രദ്ധേയമായിരുന്നു. വിശ്വാസപരിശീലനത്തിലെ നൂതനാഭിമുഖ്യങ്ങൾ, മിഷൻ പ്രവർത്തനത്തിലെ അല്മായരുടെ പങ്കാളിത്തം, സീറോമലബാർ സമു

ദായശക്തീകരണം എന്നീ വിഷയങ്ങളെ ആധാരമാക്കിയുള്ള പഠനങ്ങളും പരിചിന്തനങ്ങളുമാണ് അസംബ്ലിയിൽ പ്രധാനമായും നടന്നത്. സീറോമലബാർസഭയിലെ മെത്രാന്മാരും വൈദികരും സമർപ്പിതരും അല്മായരും ഉൾപ്പെടുന്ന 348 അംഗങ്ങളാണ് അസംബ്ലിയിൽ പങ്കെടുത്തത്. സഭയുടെ മുന്നോട്ടുള്ള പ്രയാണത്തിന്റെ ഗതി നിർണയിക്കാൻ സഹായകമായ ശ്രദ്ധേയമായ തീരുമാനങ്ങളും കർമപദ്ധതികളും അസംബ്ലിയിൽ രൂപീകരിച്ചിട്ടുള്ളത് വിശദമായി നിങ്ങളെ പിന്നീട് അറിയിക്കുന്നതാണ്.

മുല്ലപ്പെരിയാർ ഡാമിന്റെ കാലപ്പഴക്കംമൂലമുള്ള ദുർബലാവസ്ഥ കേരളത്തിന്റെ മൂന്നിലൊരു ഭാഗത്തിനു നാശംവരുത്താൻ പര്യാപ്തമായ ഭീഷണിയായി വളർന്നിട്ടുണ്ട്. 'തമിഴ്നാടിനു വെള്ളവും കേരളത്തിനു സുരക്ഷിതത്വവുമെന്ന നിലപാടിൽ ഉറച്ചുനിന്നുകൊണ്ടു ജനങ്ങളുടെ ആശങ്ക അകറ്റാനുള്ള സത്വരനടപടികൾ സർക്കാരിന്റെ ഭാഗത്തുനിന്നു ഉണ്ടാകണമെന്നു സഭാ അസംബ്ലി സർക്കാരിനോടു ആവശ്യപ്പെട്ടു.

ന്യൂനപക്ഷമായ ക്രൈസ്തവരുടെ പിന്നോക്കാവസ്ഥ പഠിക്കാൻ നിയോഗിക്കപ്പെട്ട ജസ്റ്റിസ് ജെ. ബി. കോശി കമ്മീഷന്റെ റിപ്പോർട്ടു പ്രസിദ്ധീകരിക്കാനോ നിർദേശങ്ങൾ നടപ്പിലാക്കാനോ സർക്കാർ നാളിതുവരെ യാതൊന്നും ചെയ്തില്ല എന്ന സത്യം ക്രൈസ്തവസമൂഹത്തെ ഏറെ വേദനിപ്പിക്കുന്നുണ്ട്. ഇക്കാര്യത്തിൽ സുതാര്യവും നീതിപൂർവകവുമായ ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്നു സഭ ആവശ്യപ്പെടുന്നു.

**കുടുംബപ്രാർഥന**

നമ്മുടെ കുടുംബങ്ങളുടെ ശക്തികേന്ദ്രം നിത്യേനയുള്ള കുടുംബപ്രാർഥനകളായിരുന്നു. തലമുറകളെ വിശ്വാസപാരമ്പര്യത്തിലും സഭാസ്നേഹത്തിലും നിലനിറുത്തുന്നതിൽ കുടുംബപ്രാർത്ഥനയ്ക്കുള്ള പങ്കു വലുതാണ്. എന്നാൽ, ജോലിത്തിരക്കുകൾമൂലവും കുടുംബാംഗങ്ങൾ വിവിധ ദേശങ്ങളിൽ ആയിരിക്കുന്ന സാഹചര്യത്തിലും നമ്മുടെ പവിത്രമായ കുടുംബപ്രാർഥനാസംസ്കാരത്തിനു കുറവുവന്നിട്ടുള്ളതായി സിനഡു വിലയിരുത്തി. നമ്മുടെ കുടുംബങ്ങളുടെ കൂട്ടായ്മയെയും നിലനില്പിനെയും പരിപോഷിപ്പിക്കുന്ന കുടുംബപ്രാർഥനാരീതി അവികലമായി നിലനിറുത്താൻ എല്ലാ കുടുംബാംഗങ്ങളും പരിശ്രമിക്കണം.

## ഏകീകൃത വിശുദ്ധ കുർബാനയർപ്പണം

നമ്മുടെ സഭയുടെ ഏകീകൃത കുർബാനക്രമം എല്ലാ രൂപതകളിലും നടപ്പിലാക്കാനുള്ള 2021 ലെ സിനഡുതീരുമാനം സഭയിലുടനീളം മാറ്റമില്ലാതെ തുടരുന്നതാണ്. എന്നാൽ, ഈ തീരുമാനം പൂർണമായും നടപ്പിലാക്കാൻ ഇനിയും നമുക്കു കഴിഞ്ഞിട്ടില്ല എന്നത് ഏറെ ദുഃഖകരമാണ്. സിനഡുതീരുമാനം നടപ്പിലാക്കാനുള്ള അജപാലനപരമായ പ്രതിസന്ധികൾ നിലനില്ക്കുന്നതിനാൽ, എറണാകുളം-അങ്കമാലി അതിരൂപതയെ മനസ്സിലാക്കാനും പിതൃസഹജമായ സ്നേഹത്തോടെ ചേർത്തുപിടിക്കാനുമാണു സിനഡു ശ്രമിച്ചത്. ഇതിന്റെ ഭാഗമായി, ഞായറാഴ്ചകളിലും കടമുള്ള മറ്റു ദിവസങ്ങളിലും ഒരു കുർബാനയെങ്കിലും ഏകീകൃതരീതിയിൽ ചൊല്ലിത്തുടങ്ങുന്ന പള്ളികളിലെ വൈദികർക്കു സഭാപരമായ നടപടികളിൽനിന്നു താത്ക്കാലികമായി ഇളവുനല്കുമെന്ന് അറിയിച്ചിരുന്നു. ഏകീകൃത കുർബാനയർപ്പണം അതിരൂപതമുഴുവനിലും നടപ്പിലാക്കാനായി ബോധവത്ക്കരണത്തിനുവേണ്ടിയുള്ള സാവകാശമായിട്ടാണ് ഈ ഇളവു നല്കിയത്. ഈ നിർദേശം നൂറിലധികം പള്ളികളിൽ നടപ്പിലായെങ്കിലും അതിരൂപതയിലെ മറ്റു പള്ളികൾ ഇക്കാര്യത്തിൽ പുലർത്തുന്ന വൈമുഖ്യത്തെ യാതൊരു വിധത്തിലും നീതീകരിക്കാനാവില്ല. ഇത്തരം നിലപാടുകൾ കുറ്റകരമായിക്കണ്ടു നടപടികൾ സ്വീകരിക്കുന്നതാണ്. ഏകീകൃത കുർബാനയർപ്പണരീതി നടപ്പിലാക്കിയ പള്ളികളിൽ പലതിലും ആത്മാർഥമായ സമീപനം പ്രകടമായില്ല എന്ന പരാതി നിലവിലുണ്ട്. ഒരുമിച്ചുനടക്കാനുള്ള സിനഡിന്റെ പരിശ്രമങ്ങളെ ശരിയായ അർഥത്തിൽ മനസ്സിലാക്കി സഹകരിക്കാൻ എറണാകുളം-അങ്കമാലി അതിരൂപതയിലെ വൈദികരോടും സമർപ്പിതരോടും അല്മായരോടും സിനഡ് ആവശ്യപ്പെടുകയാണ്. ഏറെ വെല്ലുവിളികൾക്കിടയിലും അപ്പസ്തോലികധീരതയോടെ സിനഡിന്റെ തീരുമാനം നടപ്പിലാക്കിയ വൈദികരെയും ഇടവകകളെയും സിനഡ് ആദരപൂർവം സ്മരിക്കുന്നു. അതിരൂപതയിൽ സിനഡിന്റെ തീരുമാനം നടപ്പിലാക്കാനുള്ള വ്യക്തമായ നിർദേശങ്ങൾ അപ്പസ്തോലിക് അഡ്മിനിസ്ട്രേറ്റർ മാർ ബോസ്കോ പുത്തൂർ പിതാവിനു നല്കിയിട്ടുണ്ട്. ഏകീകൃത കുർബാനയർപ്പണവുമായി ബന്ധപ്പെട്ട ക്രമീകരണങ്ങളോട് എല്ലാവരും സർവാത്മനാ സഹകരിക്കണമെന്നു സിനഡ് ആവശ്യപ്പെടുന്നു.

## ജൂബിലിവർഷം

നമ്മുടെ കർത്താവീശോമിശിഹായുടെ ജനനത്തിന്റെ അനുസ്മരണമായി

രണ്ടായിരത്തി ഇരുപത്തിയഞ്ചാം ആണ്ടിനെ സാധാരണ ജൂബിലിവർഷമായി പരിശുദ്ധ പിതാവ് ഫ്രാൻസിസ് മാർപാപ്പ പ്രഖ്യാപിച്ച വിവരം നിങ്ങൾക്ക് അറിവുള്ളതാണല്ലോ. പ്രതിസന്ധികളുടെ ഈ കാലഘട്ടത്തിൽ 'പ്രത്യാശയുടെ തീർഥാടകരാകുവിൻ' എന്ന ആഹ്വാനമാണ് പരിശുദ്ധ പിതാവു ജൂബിലിവർഷത്തിൽ നല്കുന്നത്. നമ്മുടെ കർത്താവിലുള്ള വിശ്വാസത്തെ സഭയിലൂടെ ആഘോഷിക്കുക എന്നതാണു ജൂബിലിവർഷത്തിന്റെ ലക്ഷ്യമായി നല്കിയിരിക്കുന്നത്. 'പ്രത്യാശ നമ്മെ നിരാശരാക്കുന്നില്ല' (spes non confundit) എന്ന അപ്പസ്തോലിക പ്രബോധനത്തിലൂടെ ജൂബിലിയാഘോഷത്തിനുള്ള മാർഗരേഖ നമുക്കു നല്കപ്പെട്ടിട്ടുണ്ട്. 2024 ഡിസംബർ മാസം ജൂബിലിക്ക് അടുത്ത ഒരുക്കത്തിനായുള്ള പ്രാർഥനാദിനങ്ങളായി നാം ആചരിക്കണം.

2024 ഡിസംബർ 24നു രാത്രി എല്ലാ കത്തീഡ്രൽപള്ളികളിലും തുടർന്നു വരുന്ന ഞായറാഴ്ച എല്ലാ ഇടവകപള്ളികളിലും ജൂബിലിവർഷം, ജൂബിലിതിരിതെളിച്ച് ഉദ്ഘാടനം ചെയ്യുന്നതാണ്. ജൂബിലിവർഷത്തിന്റെ ലോഗോ ഉൾപ്പെടുന്ന ഫലകം എല്ലാ പള്ളികളിലും സ്ഥാപിക്കേണ്ടതാണ്. ജൂബിലിവർഷത്തിൽ തിരുസഭാമാതാവു തന്റെ മക്കൾക്കു നല്കുന്ന വിവിധങ്ങളായ വരപ്രസാദവഴികളെയും ദണ്ഡവിമോചനങ്ങളെയും വ്യക്തമാക്കിക്കൊണ്ടുള്ള ഇടയലേഖനം രൂപതാധ്യക്ഷന്മാർ നല്കുന്നതായിരിക്കും. പരിശുദ്ധ കുർബാന, അനുരഞ്ജനകൂദാശ എന്നിവയിൽ അധിഷ്ഠിതമായതും തീർഥാടനങ്ങളെ പ്രോത്സാഹിപ്പിക്കുന്നതുമായ കർമപദ്ധതിയാണ് രൂപതാതലങ്ങളിൽ നടപ്പിലാക്കേണ്ടത്. സഭയിലുടനീളം പ്രത്യാശയുടെ പുതിയ പ്രകാശം പരക്കാനും കൂട്ടായ്മയുടെയും സഭാസ്നേഹത്തിന്റെയും പുതിയ വസന്തം വിരിയാനും ജൂബിലിവർഷം നിമിത്തമാകട്ടെ എന്നു പ്രാർഥിക്കുന്നു.

### പുതിയ ഇടയന്മാർ

നമ്മുടെ സഭയ്ക്കുള്ള ദൈവത്തിന്റെ സമ്മാനമായി രണ്ടു പുതിയ ഇടയന്മാരെ ലഭിച്ചു എന്നത് ഏറെ അഭിമാനകരവും സന്തോഷകരവുമാണ്. ചങ്ങനാശ്ശേരി അതിരൂപതയുടെ മെത്രാപ്പോലീത്തയായി പ്രസ്തുത അതിരൂപതയുടെ സഹായമെത്രാനായി സേവനം ചെയ്തു വരികയായിരുന്ന മാർ തോമസ് തറയിൽ പിതാവു നിയമിതനായി. അറിയപ്പെടുന്ന മനഃശാസ്ത്രവിശാരദനും സാമൂഹിക ആത്മീയമേഖലകളിലെ നലംതികഞ്ഞ നായകനുമായ നിയുക്ത ആർച്ചുബിഷപ്പിനു സഭയുടെ മുഴുവൻ പ്രാർഥനാമംഗളങ്ങൾ നേരുന്നു. പിതൃസഹജമായ

വാത്സല്യത്തോടും സീറോമലബാർസഭയുടെ പാരമ്പര്യങ്ങളോടുമുള്ള അവികലമായ വിശ്വസ്തതയോടും കുലീനമായ ശാന്തതയോടുംകൂടി കഴിഞ്ഞ ഇരുപത്തിരണ്ടു വർഷങ്ങൾ ചങ്ങനാശ്ശേരി അതിരൂപതയിൽ മേല്പട്ടശുശ്രൂഷ നിർവഹിച്ച അഭിവന്ദ്യ മാർ ജോസഫ് പെരുന്തോട്ടം പിതാവിനോടു സീറോമലബാർസഭ ഏറെ കടപ്പെട്ടിട്ടുണ്ട്. പിതാവിന്റെ സേവനങ്ങളെ ആദരവോടെ സ്മരിച്ചുകൊണ്ടു താപസതുല്യമായ പിതാവിന്റെ വഴികളെ കർത്താവു തുടർന്നും അനുഗ്രഹിക്കട്ടെ എന്ന് ആശംസിക്കുന്നു.

ഭൂവിസ്തൃതികൊണ്ടു ഭാരതത്തിലെ ഏറ്റവും വലിയ രൂപതയായ ഷംഷാബാദിന്റെ രണ്ടാമത്തെ മെത്രാനായി അഭിവന്ദ്യ മാർ പ്രിൻസ് ആന്റണി പാണേങ്ങാടൻ പിതാവു നിയമിതനായി. സഹജമായ പ്രേഷിത തീക്ഷ്ണതയും കഠിനാദ്ധ്വാനശീലവും ജീവിതലാളിത്യവും അഭിവന്ദ്യ പിതാവിനു പുതിയ ദൗത്യത്തിൽ സഹായകമാകുമെന്ന് ഉറപ്പുണ്ട്. സഭയുടെ പ്രേഷിതമുഖമായി മാറാൻ പിതാവിനു കഴിയട്ടെയെന്നു പ്രാർഥിക്കുന്നു. ചങ്ങനാശ്ശേരി അതിരൂപതയ്ക്കും ഷംഷാബാദ് രൂപതയ്ക്കും സഭ മുഴുവന്റെയും പ്രാർഥനാശംസകൾ നേരുന്നു.

നമ്മുടെ അമ്മയായ പരിശുദ്ധ കന്യകാമറിയത്തിന്റെയും മാർ യൗസേപ്പു പിതാവിന്റെയും മാർ തോമാശ്ലീഹായുടെയും സകല വിശുദ്ധരുടെയും വാഴ്ത്തപ്പെട്ടവരുടെയും മാധ്യസ്ഥ്യവും അനുഗ്രഹവും നമ്മോടും നമ്മുടെ എല്ലാ പ്രവർത്തനങ്ങളോടുമൊപ്പം ഉണ്ടായിരിക്കട്ടെ!

കാക്കനാട് മൗണ്ട് സെന്റ് തോമസിലുള്ള മേജർ ആർച്ചുബിഷപ്പിന്റെ കാര്യാലയത്തിൽനിന്നു 2024-ാം ആണ്ട് ആഗസ്റ്റു മാസം 31-ാം തീയതി നല്കപ്പെട്ടത്.

**മാർ റാഫേൽ തട്ടിൽ**
സീറോമലബാർസഭയുടെ മേജർ ആർച്ചുബിഷപ്

---

ഈ സർക്കുലർ 2024 സെപ്റ്റംബർ 8-ാം തീയതി ഞായറാഴ്ച സീറോമലബാർസഭയിലെ എല്ലാ ഇടവകപള്ളികളിലും സ്ഥാപനങ്ങളിലും സമർപ്പിതഭവനങ്ങളിലും പരിശീലനകേന്ദ്രങ്ങളിലും മേജർ സെമിനാരികളിലും വിശുദ്ധ കുർബാനമദ്ധ്യേ വായിക്കേണ്ടതാണ്.

# 2024-ലെ ലോകപ്രേഷിതദിനസന്ദേശം

(ഒക്ടോബർ 20, 2024)

## *"പോയി, എല്ലാവരെയും വിരുന്നിനു ക്ഷണിക്കുവിൻ"*
## (മത്താ 22:9)

പ്രിയ സഹോദരീസഹോദരന്മാരേ,

ഈ വർഷത്തെ ആഗോളപ്രേഷിതദിനത്തിന്റെ വിഷയമായി ഞാൻ തിരഞ്ഞെടുത്തിരിക്കുന്നത് സുവിശേഷത്തിലെ വിവാഹവിരുന്നിന്റെ ഉപമയാണ് (മത്താ 22: 1-14 കാണുക). അതിഥികൾ തന്റെ ക്ഷണം നിരസിച്ചതിനുശേഷം, കഥയിലെ മുഖ്യകഥാപാത്രമായ രാജാവ്, തന്റെ സേവകരോട് പറഞ്ഞു, "അതിനാൽ, നിങ്ങൾ വഴിക്കവലകളിൽ ചെന്ന് അവിടെ കണ്ടെത്തുന്നവരെയെല്ലാം വിവാഹവിരുന്നിനു ക്ഷണിക്കുവിൻ" (വാ. 9). ഉപമയുടെയും യേശുവിന്റേതന്നെ ജീവിതത്തിന്റെയും പശ്ചാത്തലത്തിൽ ഈ നിർദേശം വിചിന്തനവിഷയമാക്കുന്നതുവഴി സുവിശേഷവത്കരണത്തെ സംബന്ധിച്ച പല പ്രധാനപ്പെട്ട ചിന്തകൾ നമുക്ക് വിവേചിച്ചറിയാനാവും. അവ നമ്മെ എല്ലാവരെയും സംബന്ധിച്ച് കാലിക പ്രസക്തി ഉള്ളതായിരിക്കുകയും ചെയ്യും; എന്തെന്നാൽ, ക്രിസ്തുവിന്റെ പ്രേഷിതശിഷ്യർ എന്ന നിലയ്ക്ക് എല്ലാവരും സിനഡാത്മക സഞ്ചാരത്തിന്റെ ഏതാണ്ട് അവസാന ഘട്ടത്തിൽ എത്തിച്ചേർന്നിരിക്കുന്ന വേളയാണല്ലോ ഇത്! അതിന്റെ മുഖ്യചിന്താവിഷയം, "കൂട്ടായ്മ, പങ്കാളിത്തം, പ്രേക്ഷിതദൗത്യം" എന്നതും ആണല്ലോ! അതുവഴിയായി സഭ തന്റെ പ്രഥമദൗത്യത്തിനു പുനഃരൂന്നൽകൊടുക്കാനാണ് ശ്രമിക്കുന്നത്; അതായത്, ഇന്നത്തെ ലോകത്ത് സുവിശേഷം പ്രസംഗിക്കുക എന്ന ദൗത്യത്തിന്.

### 1. "പോയി ക്ഷണിക്കുവിൻ": കർത്താവിന്റെ വിരുന്നിലേക്ക് മറ്റുള്ളവരെ ക്ഷണിക്കാനായി അക്ഷീണം പുറത്തേക്കു പോകുന്നതാണ് പ്രേഷിതദൗത്യം.

രാജാവ് തന്റെ സേവകരോട് കൽപ്പിച്ച രണ്ടു വാക്കുകൾ പ്രേഷിതദൗത്യത്തിന്റെ മുഖ്യചിന്ത പ്രതിഫലിപ്പിക്കുന്നു: "പുറത്തേക്കു പോകുക", "ക്ഷണിക്കുക" എന്നീ രണ്ട് ക്രിയകൾ.

ആദ്യത്തേതിനെക്കുറിച്ച് പറഞ്ഞാൽ, അതിഥികൾക്ക് ക്ഷണം നൽകാനായി സേവകർ മുമ്പ് അയക്കപ്പെട്ടിരുന്നതായി നാം ഓർക്കണം (വാ. 3–4 കാണുക). പ്രേഷിതദൗത്യം എന്നു പറയുന്നത്, എല്ലാ സ്ത്രീ പുരുഷന്മാരുടെയും മുമ്പിലേക്ക് ഇറങ്ങിചെല്ലുന്നതാണ് എന്നു നാം മനസ്സിലാക്കുന്നു; അവർ ദൈവവുമായി കണ്ടുമുട്ടി അവിടന്നുമായി സംസർഗത്തിൽ ആയിരിക്കുന്നതിനു വേണ്ടിയാണത്. അത് അക്ഷീണ മായ പ്രയത്നമാണ്. സ്നേഹസമ്പന്നനും കരുണാർദ്രനുമായ ദൈവം എല്ലാ സ്ത്രീപുരുഷന്മാരെയും കണ്ടുമുട്ടാനായി നിരന്തരം ഇറങ്ങി പുറപ്പെടുന്നു; അവർ നിസ്സംഗത പുലർത്തിയാലും നിരാകരിച്ചാലും, ദൈവം തന്റെ രാജ്യത്തിന്റെ സന്തോഷത്തിലേക്ക് അവരെ സ്ഥിരമായി ക്ഷണിച്ചുകൊണ്ടിരിക്കുന്നു. നല്ല ഇടയനും പിതാവിന്റെ സന്ദേശ വാഹകനുമായ യേശുക്രിസ്തു ഇസ്രായേൽജനത്തിലെ നഷ്ടപ്പെട്ട ആടിനെ അന്വേഷിച്ചു പുറപ്പെട്ടു; അവിടന്ന് അതിൽക്കൂടുതൽ പോകാൻ ആഗ്രഹിച്ചു; അതായത്, വളരെ ദൂരെയുള്ള ആടിനെപോലും അന്വേ ഷിച്ചു കണ്ടെത്താൻ (യോഹ 10:16 കാണുക). തന്റെ ഉത്ഥാനത്തിനു മുമ്പും പിമ്പും അവിടന്ന് തന്റെ ശിഷ്യരോട് പറഞ്ഞു, "പോകുവിൻ"; അങ്ങനെ അവിടന്ന് അവരെ തന്റെ ദൗത്യത്തിൽ പങ്കാളികളാക്കി (ലൂക്കാ 10:3; മർക്കോ 16:15 കാണുക). സഭയാകട്ടെ, തന്റെ നാഥനിൽനിന്നു ലഭിച്ച ദൗത്യത്തോടു വിശ്വസ്തതപുലർത്തിക്കൊണ്ട്, ഭൂമിയുടെ അതിർത്തി കൾവരെ പോകുന്നത് തുടർന്നുകൊണ്ടിരിക്കും; അത് അവൾ ആവർ ത്തിച്ചാവർത്തിച്ച് ചെയ്യുന്ന പ്രവൃത്തി ആയിരിക്കും; പ്രതിസന്ധികളുടെ യും തടസ്സങ്ങളുടെയും മുമ്പിൽ ക്ഷീണിതയാകാതെയും അടിപതറാ തെയും അവൾ മുന്നേറും.

ക്രിസ്തുവിന്റെ വിളിക്ക് പ്രത്യുത്തരം നൽകിക്കൊണ്ട് മാതൃരാജ്യ ങ്ങൾവിട്ട് വിദൂരദേശങ്ങളിലേക്കുപോയി സദ്വാർത്ത ഇതുവരെ കേട്ടിട്ടില്ലാത്തവരോ ഈ അടുത്തകാലത്തുമാത്രം കേട്ടവരോ ആയവരെ അത് അറിയിക്കാനായി ഇറങ്ങിപ്പുറപ്പെട്ടിട്ടുള്ള എല്ലാ പ്രേഷിതരെയും നന്ദിയോടെ ഓർക്കാൻ ഞാൻ ഈ അവസരം ഉപയോഗപ്പെടുത്തുന്നു. പ്രിയ സ്നേഹിതരേ, "നിങ്ങൾ പോയി എല്ലാ ജനതകളെയും ശിഷ്യ പ്പെടുത്തുവിൻ" (മത്താ 18:19) എന്ന് യേശു തന്റെ ശിഷ്യരെ ഭരമേല്പിച്ച ജനതകളോടുള്ള (Ad Gentes) പ്രേഷിതദൗത്യത്തോടുള്ള പ്രതിജ്ഞാ ബദ്ധതയുടെ പ്രകടമായ പ്രകാശനമാണ് നിങ്ങളുടെ ഉദാരമായ സമർ പ്പണം. ഭൂമിയുടെ അതിർത്തികൾവരെ സുവിശേഷവൽകരണത്തിന്റെ പ്രവൃത്തി നടപ്പാക്കാനായി പുതിയതും ധാരാളവുമായ പ്രേഷിതദൈവ

വിളികൾ ഉണ്ടാകാനായി നാം തുടർന്നു പ്രാർഥിക്കുകയും അതോടൊപ്പം ദൈവവിളികൾക്കു ദൈവത്തിനു നന്ദിപറയുകയും ചെയ്യുന്നു.

ഓരോ സാഹചര്യത്തിലും സുവിശേഷത്തിനു സാക്ഷ്യംനൽകിക്കൊണ്ട് ഓരോ ക്രിസ്ത്യാനിയും, അവനും അവളും, ഈ സാർവത്രിക പ്രേഷിത ദൗത്യത്തിനായി വിളിക്കപ്പെട്ടിരിക്കുന്നു എന്ന കാര്യം വിസ്മരിക്കാൻ പാടില്ല; അതുവഴിയായി സഭയ്ക്കുമുഴുവനും നിരന്തരം തന്റെ നാഥനും ഗുരുവും ആയുള്ളവനോടൊപ്പം ഇന്നത്തെ ലോകത്തിന്റെ "നാൽകവല കളി"ലേക്ക് കടന്നുചെല്ലാനാവും. "സഭയിൽ ഇന്നു നടക്കുന്ന യഥാർഥ്യം യേശു ഉള്ളിൽനിന്ന് നമ്മുടെ വാതിലിൽ മുട്ടി വിളിച്ചുകൊണ്ടിരിക്കുന്നു എന്നതാണ്; അതായത്, തന്നെ പുറത്തേക്കു നമ്മൾ വിടാൻ. നമ്മൾ പലപ്പോഴും ഒരു 'തടവറ സൃഷ്ടിക്കുന്ന' സഭയായി മാറുന്നു; അത് നാഥനെ പുറത്തേക്കിറങ്ങാൻ സമ്മതിക്കുന്നില്ല; അവിടത്തെ നാം 'നമ്മുടേതാക്കി മാത്രം' സൂക്ഷിക്കുന്നു; യഥാർഥത്തിൽ അവിടന്ന് ഒരു ദൗത്യവുമായാണ് വന്നത്; നാമെല്ലാവരും പ്രേഷിതദൗത്യം പേറുന്നവർ ആകണമെന്ന് അവിടന്ന് ആഗ്രഹിക്കുന്നു" (*അല്മായർക്കും കുടുംബ ങ്ങൾക്കും ജീവനും വേണ്ടിയുള്ള മന്ത്രാലയം സംഘടിപ്പിച്ച സമ്മേളന ത്തിൽ പങ്കെടുത്തവർക്ക് നൽകിയ പ്രഭാഷണം, ഫെബ്രുവരി 18, 2023*). ക്രൈസ്തവികത ഉദയംചെയ്ത കാലത്തെന്നപോലെ, ഒരു പുതിയ പ്രേഷിതമുന്നേറ്റം ഉദ്ഘാടനം ചെയ്യപ്പെടുംവിധം, ജ്ഞാനസ്നാനം സ്വീകരിച്ച നാമെല്ലാവരും, ഓരോരുത്തരും അവരവരുടെ ജീവിതാന്തസ്സ് അനുസരിച്ച്, നവമായി ഇറങ്ങിപുറപ്പെടാൻ തയ്യാറാകട്ടെ!

ഉപമയിലെ രാജാവിന്റെ ആജ്ഞയിലേക്ക് തിരികെവന്നാൽ, സേവകരോട് ആജ്ഞാപിച്ചത് "പോകാൻ" മാത്രമായിരുന്നില്ല; മറിച്ച്, "ക്ഷണിക്കാനും" ആയിരുന്നു. "വിവാഹവിരുന്നിനു വരുക" (മത്താ 22:4). ഇവിടെ നമുക്ക് ദൈവം ഭരമേല്പിച്ച പ്രേഷിതദൗത്യത്തിൽ പ്രാധാന്യം ഒട്ടും കുറവില്ലാത്ത മറ്റൊരു വശം കാണാനാകും. അതായത്, നമുക്ക് സങ്കൽപ്പി ക്കാവുന്നതുപോലെ, അടിയന്തര പ്രാധാന്യത്തോടെയാണ് സേവകർ രാജാവിന്റെ ക്ഷണം കൈമാറിയത്; അതോടൊപ്പം വലിയ ആദരവോടും ദയയോടുംകൂടിയും. അതേരീതിയിൽതന്നെ, സുവിശേഷം ഓരോ സൃഷ്ടിക്കും നൽകുക എന്ന ദൗത്യംപേറുന്നവർ തങ്ങൾ പ്രഘോഷി ക്കുന്ന ആളിന്റെ "ശൈലി" നിശ്ചയമായും അനുകരിക്കേണ്ടതാണ്. "മരിക്കുകയും മൃതരിൽനിന്ന് ഉയിർക്കുകയും ചെയ്ത യേശുക്രിസ്തു വിൽ പ്രകാശിതമായ രക്ഷാകരമായ ദൈവസ്നേഹത്തിന്റെ സൗന്ദര്യം"

(സുവിശേഷത്തിന്റെ സന്തോഷം, 36) ലോകത്തോടു പ്രഖ്യാപിക്കുന്ന പ്രേഷിതശിഷ്യർ, തങ്ങളുടെ ഉള്ളിൽ പ്രവർത്തിക്കുന്ന പരിശുദ്ധാത്മാവിന്റെ ഫലങ്ങളായ സന്തോഷത്തോടും മഹാമനസ്കതയോടും ഉദാരതയോടും (ഗലാ 5:22) അത് ചെയ്യാൻ തയ്യാറാകണം. അത് സമ്മർദം ചെലുത്തിയോ നിർബന്ധിച്ചോ മതംമാറ്റപ്രക്രിയകളിലൂടെയോ ആകാൻ പാടില്ല; അത് അടുപ്പംകൊണ്ടും അനുകമ്പകൊണ്ടും ആർദ്രതകൊണ്ടും ആവണം; അപ്പോൾ അത് ദൈവം ആയിരിക്കുന്നതിന്റെയും പ്രവർത്തിക്കുന്നതിന്റെയും പ്രതിഫലനമായി മാറും.

**2. "വിവാഹാഘോഷത്തിലേക്ക്": ക്രിസ്തുവിന്റെയും സഭയുടെയും ദൗത്യത്തിലുള്ള യുഗാന്ത്യപരവും ദിവ്യകാരുണ്യപരവുമായ വശം.**

തന്റെ പുത്രന്റെ വിവാഹവിരുന്നിലേക്കുള്ള ക്ഷണമാണ് ഈ ഉപമയിൽ രാജാവ് സേവകർവഴി നൽകുന്നത്. ഈ വിരുന്ന് യുഗാന്ത്യത്തിലെ വിരുന്നിന്റെ ഒരു പ്രതിഫലനമാണ്. ദൈവരാജ്യത്തിലുള്ള ആത്യന്തികമായ രക്ഷയുടെ ചിത്രമാണ് അത് അവതരിപ്പിക്കുന്നത്. മിശിഹായും ദൈവപുത്രനുമായ യേശുവിന്റെ വരവോടെ അതിപ്പോൾത്തന്നെ സാക്ഷാത്കരിക്കപ്പെട്ടിരിക്കുന്നു; അവിടന്ന് നമുക്ക് ജീവന്റെ സമൃദ്ധി നൽകുകയുണ്ടായി (യോഹ 10:10 കാണുക); ദൈവം മരണത്തെ എന്നേക്കും ഇല്ലാതാക്കുകയും മനുഷ്യരുടെ മുൻപിൽ മൃഷ്ടഭോജനത്തിന്റെയും മട്ടൂറിയവീഞ്ഞിന്റെയും മേശ ഒരുക്കുകയും ചെയ്യും എന്ന പ്രവചനത്തിൽ അത് അന്തർലീനമാണ് (ഏശ 25:6-8 കാണുക).

ക്രിസ്തുവിന്റെ ദൗത്യം കാലസമ്പൂർണതയുമായി ബന്ധപ്പെട്ടതാണ്; തന്റെ പ്രഘോഷണത്തിന്റെ ആരംഭത്തിൽ യേശു പറഞ്ഞു, "സമയം പൂർത്തിയായി, ദൈവരാജ്യം സമീപിച്ചിരിക്കുന്നു" (മർക്കോ. 1:15). തങ്ങളുടെ കർത്താവും ഗുരുവുമായ ക്രിസ്തുവിന്റെ ഈ ദൗത്യം പിന്തുടരുവാൻ അവിടത്തെ ശിഷ്യർ വിളിക്കപ്പെട്ടിരിക്കുന്നു. സഭയുടെ പ്രേഷിത പരിപാടിയുടെ യുഗാന്ത്യപരമായ സ്വഭാവത്തെക്കുറിച്ച് രണ്ടാം വത്തിക്കാൻ കൗൺസിലിന്റെ പ്രബോധനം നാം ഇവിടെ അനുസ്മരിക്കുന്നു: "ദിവ്യനാഥന്റെ പ്രഥമ ആഗമനത്തിന്റെയും ... ദ്വിതീയാഗമനത്തിന്റെയും മധ്യേയാണ് പ്രേഷിതവൃത്തിയുടെ കാലം സ്ഥിതിചെയ്യുന്നത്. അതിനാൽ, ദിവ്യനാഥന്റെ വരവിനുമുമ്പായി സുവിശേഷം എല്ലാ ജനപദങ്ങളോടും പ്രസംഗിക്കപ്പെടണം" (മർക്കോ 13:10 കാണുക), (പ്രേഷിത പ്രവർത്തനം [Ad Gentes], 9).

ആദിമക്രിസ്ത്യാനികളുടെ ഇടയിൽ പ്രേഷിതതീക്ഷ്ണതയ്ക്ക് യുഗാന്ത്യപരതയുടെ ശക്തമായ ഒരു മാനം ഉണ്ടായിരുന്നെന്നു നമുക്കറിയാം. സുവിശേഷം പ്രസംഗിക്കുന്നതിന്റെ അടിയന്തരഭാവം അവർ തിരിച്ചറിഞ്ഞിരുന്നു. ഇന്നും ഈ കാഴ്ചപ്പാട് നിലനിർത്തുക എന്നത് വളരെ പ്രധാനപ്പെട്ടതാണ്. കാരണം, "കർത്താവ് അടുത്തെത്തിയിരിക്കുന്നു" എന്ന് അറിയുന്നവരുടെ സന്തോഷത്തോടുകൂടി സുവിശേഷവൽകരണ പ്രവൃത്തിയിൽ ഏർപ്പെടാൻ അത് നമ്മെ സഹായിക്കും; മാത്രമല്ല, ലക്ഷ്യത്തിലേക്ക് മുന്നേറിക്കൊണ്ടിരിക്കുന്നവരുടെ പ്രത്യാശയോടെ അതു ചെയ്യാനും നമുക്ക് സാധിക്കും; അങ്ങനെ നാം എല്ലാവരും ക്രിസ്തുവിനോടൊപ്പം ദൈവരാജ്യത്തിൽ വിവാഹവിരുന്നിൽ പങ്കെടുക്കുന്നവരായിത്തീരും. ലോകം നമ്മുടെ മുമ്പിൽ ഉപഭോക്തൃഭാവം, സ്വാർഥപരമായ സുഖലോലുപത, ധനമാർജിക്കൽ, വ്യക്തിമഹിമ എന്നീ വ്യത്യസ്തങ്ങളായ "വിരുന്നുകൾ" വിളമ്പുമ്പോൾത്തന്നെ, സുവിശേഷം എല്ലാവരെയും ദിവ്യമായ വിരുന്നിലേക്ക് ക്ഷണിക്കുന്നു; അതിന്റെ സവിശേഷത ദൈവവും മറ്റുള്ളവരുമായുള്ള സംസർഗത്തിലെ ആനന്ദം, പങ്കുവയ്ക്കൽ, നീതി, സാഹോദര്യം എന്നിവ അനുഭവിക്കുക എന്നതത്രേ.

ക്രിസ്തുവിന്റെ സമ്മാനമായ ജീവന്റെ പൂർണതയുടെ മുന്നാസ്വാദനം ദിവ്യകാരുണ്യവിരുന്നിലുമുണ്ട്; സഭ കർത്താവിന്റെ കൽപ്പനപ്രകാരം അവിടത്തെ ഓർമ്മയ്ക്കായി അത് ആചരിക്കുന്നു. സുവിശേഷവൽകരണ ദൗത്യത്തിന്റെ ഭാഗമായി നാം എല്ലാവർക്കും നൽകുന്ന യുഗാന്ത്യവിരുന്നിലേക്കുള്ള ക്ഷണം ദിവ്യകാരുണ്യമേശയിലേക്കുള്ള ക്ഷണവുമായി അഭേദ്യമാംവിധം ബന്ധപ്പെട്ടിരിക്കുന്നു; ആ മേശയിൽ കർത്താവ് തന്റെ വചനവും തന്റെ ശരീരവും രക്തവും നൽകി നമ്മെ പോഷിപ്പിക്കുന്നു. ബെനഡിക്ട് പതിനാറാമൻ പാപ്പാ പഠിപ്പിച്ചതുപോലെ: "ഓരോ ദിവ്യപൂജാർപ്പണത്തിലും കൗദാശികമായി ദൈവജനത്തിന്റെ യുഗാന്ത്യപരമായ ഒത്തുചേരലാണ് സാധ്യമാകുന്നത്. നമ്മെ സംബന്ധിച്ചിടത്തോളം, ദിവ്യകാരുണ്യവിരുന്ന് പ്രവാചകർ മുൻകൂട്ടി പറഞ്ഞിട്ടുള്ളതുപോലെ (ഏശ 25:6-8 കാണുക) അന്ത്യദിനത്തിലെ അവസാനവിരുന്നിന്റെ യഥാർഥമായ ഒരു മുന്നാസ്വാദനമാണ്; പുതിയനിയമത്തിൽ അത് 'കുഞ്ഞാടിന്റെ വിവാഹവിരുന്ന്' (വെളി 19:9) എന്നു വിശേഷിപ്പിക്കപ്പെടുന്നു; അത് വിശുദ്ധരുടെ ഐക്യത്തിന്റെ (the communion of saints) സന്തോഷത്തിലാണ് ആഘോഷിക്കപ്പെടുന്നത്'' (സ്നേഹത്തിന്റെ കൂദാശ [Sacramentum Caritatis], 31).

ആകയാൽ, ഓരോ ദിവ്യപൂജാർപണത്തിലും വളരെ ശക്തമാംവിധം അതിന്റെ ഓരോ മാനവും അനുഭവിക്കാൻ നാമെല്ലാവരും ക്ഷണിക്കപ്പെടുന്നു, ഏറെപ്രത്യേകിച്ച് അതിന്റെ യുഗാന്ത്യപരവും പ്രേഷിതപരവുമായ മാനങ്ങൾ അനുഭവിക്കാൻ. ഇക്കാര്യത്തിൽ ഞാൻ ആവർത്തിച്ചു പറയുന്നു: "പ്രേഷിതദൗത്യത്തിലേക്ക് ആകർഷിക്കപ്പെടാതെ നമുക്ക് ദിവ്യകാരുണ്യമേശയെ സമീപിക്കാനാവില്ല; ദൈവത്തിന്റെ ഹൃദയത്തിൽത്തന്നെ തുടങ്ങിയ ആ ദൗത്യം സകലജനതകളിലും എത്തിച്ചേരേണ്ടതാണ് (സ്നേഹത്തിന്റെ കൂദാശ, 84). കോവിഡ് രോഗത്തിനുശേഷമുള്ള കാലയളവിൽ ഇന്ന് പല പ്രാദേശിക സഭകളും അഭിനന്ദനാർഹമാംവിധത്തിൽ പ്രോത്സാഹിപ്പിച്ചുവരുന്ന ദിവ്യകാരുണ്യനവീകരണ പ്രക്രിയതന്നെ വിശ്വാസികളിൽ ഓരോ അംഗത്തിലും പ്രേഷിതചൈതന്യം പുനർജനിപ്പിക്കാൻ അവശ്യംവേണ്ട ഒന്നാണ്. എത്രമാത്രം വലിയ വിശ്വാസത്തോടും ഹൃദയപൂർവമായ തീക്ഷ്ണതയോടുകൂടെ ആയിരിക്കണം ഓരോ ദിവ്യപൂജയിലും നാം ഇപ്രകാരം പ്രഖ്യാപിക്കേണ്ടത്, "കർത്താവേ, നിന്റെ മരണം ഞങ്ങൾ പ്രഖ്യാപിക്കുന്നു; നിന്റെ ഉയിർപ്പ്, നീ വീണ്ടും വരുന്നതുവരെ, ഞങ്ങൾ ഏറ്റുപറയുന്നു!"

2025–ലെ ജൂബിലി ആഘോഷത്തിന്റെ ഒരുക്കത്തിന്റെ ഭാഗമായി പ്രാർഥനയ്ക്കായി മാറ്റിവച്ചിരിക്കുന്ന ഈ വർഷം സർവ്വോപരി ദിവ്യപൂജാർപണത്തിൽ പങ്കുചേരാനുള്ള താത്പര്യം വർധിപ്പിക്കാനും സഭയുടെ സുവിശേഷവൽകരണദൗത്യത്തിനായി കൂടുതൽ പ്രാർഥിക്കാനും ഞാൻ നിങ്ങളെ എല്ലാവരെയും ഉദ്ബോധിപ്പിക്കുന്നു. രക്ഷകന്റെ കൽപന അനുസരിച്ചുകൊണ്ട് ഓരോ ദിവ്യപൂജയിലും മറ്റ ആരാധനക്രമാഘോഷങ്ങളിലും, "അങ്ങയുടെ രാജ്യം വരേണമേ" എന്ന അപേക്ഷയുള്ള "സ്വർഗസ്ഥനായ പിതാവേ" എന്ന പ്രാർഥന ആവർത്തിക്കുന്നതിനു സഭ അറുതി വരുത്തുന്നില്ല. ഈ വിധത്തിൽ ദൈനംദിനപ്രാർത്ഥന, പ്രത്യേകിച്ചും ദിവ്യപൂജാർപ്പണം, നമ്മെ തീർത്ഥാടകരും പ്രത്യാശയുടെ പ്രേഷിതരും ആക്കിത്തീർക്കുന്നു; അങ്ങനെ നാം ദൈവത്തിലുള്ള നിത്യമായ ജീവിതത്തിലേക്ക് സഞ്ചരിക്കുന്നു, അതായത്, ദൈവം തന്റെ മക്കൾക്കെല്ലാവർക്കുംവേണ്ടി ഒരുക്കിയിട്ടുള്ള വിവാഹവിരുന്നിലേക്ക്.

### 3. "എല്ലാവരോടും": പൂർണമായും സിനഡാത്മകവും പ്രേഷിതവുമായ സഭയിലെ ക്രിസ്തുശിഷ്യരുടെ ആഗോള പ്രേഷിതദൗത്യം

മൂന്നാമത്തേതും അവസാനത്തേതുമായ ചിന്ത രാജാവിന്റെ ക്ഷണം സ്വീകരിച്ചവരെ സംബന്ധിച്ചുള്ളതാണ്: "എല്ലാവരും." ഞാൻ ഊന്നിപ്പറ

ഞ്ഞതുപോലെ, "ഇതാണ് പ്രേഷിതദൗത്യത്തിന്റെ ഹൃദയഭാഗം: 'എല്ലാവരും', ഒരാളെയും ഒഴിവാക്കാതെ. നമ്മുടെ ഓരോ പ്രേഷിതദൗത്യവും, ക്രിസ്തുവിന്റെ ഹൃദയത്തിൽനിന്ന് ജനിക്കുന്നതാണ്, അതായത്, എല്ലാവരെയും തന്നിലേക്ക് ആകർഷിക്കാൻ" *(പൊന്തിഫിക്കൽ പ്രേഷിതസംഘങ്ങളുടെ പൊതുസമ്മേളനത്തിനുനൽകിയ പ്രഭാഷണം* [Address to the General Assembly of the Pontifical Missionary Societies], ജൂൺ 3, 2023). വിഭജനങ്ങളും ഏറ്റുമുട്ടലുകളുംമൂലം ചിന്നഭിന്നമാക്കപ്പെട്ടിരിക്കുന്ന ഇന്നത്തെ ലോകത്ത് വ്യക്തികളെ പരസ്പരം കണ്ടെത്താനും, തങ്ങൾ സഹോദരീസഹോദരന്മാരാണ് എന്നു തിരിച്ചറിയാനും വൈവിധ്യങ്ങളുടെ മധ്യേയുള്ള പൊരുത്തത്തിൽ സന്തോഷിക്കാനും ക്ഷണിക്കുന്ന മൃദുലവും അതേസമയം ദൃഢവുമായി നിലനിൽക്കുന്ന ഒരു സ്വരമാണ് ക്രിസ്തുവിന്റെ സുവിശേഷം. "എല്ലാവരും രക്ഷിക്കപ്പെടണമെന്നും സത്യത്തിന്റെ അറിവിലേക്ക് എത്തിക്കപ്പെടണമെന്നുമാണ് നമ്മുടെ രക്ഷകനായ ദൈവം ആഗ്രഹിക്കുന്നത്" (1 തിമോ 2:4). നമ്മുടെ പ്രേഷിതപ്രവർത്തനത്തിൽ എല്ലാവരോടും സുവിശേഷം പ്രസംഗിക്കാനാണ് ആവശ്യപ്പെട്ടിരിക്കുന്നതെന്നു നാം വിസ്മരിക്കരുത്: "പുതിയ ബാധ്യതകൾ അടിച്ചേല്പിക്കുന്നുവെന്നു തോന്നിപ്പിക്കാതെ അവർ തങ്ങളുടെ സന്തോഷം പങ്കുവയ്ക്കാൻ ആഗ്രഹിക്കുന്നവരായി, സൗന്ദര്യത്തിന്റെ നവ ചക്രവാളം ചൂണ്ടിക്കാണിക്കുന്നവരായി, മറ്റുള്ളവരെ രുചികരമായ സദ്യയിലേക്ക് ക്ഷണിക്കുന്നവരായി നാം കാണപ്പെടണം" (സുവിശേഷത്തിന്റെ സന്തോഷം, 14).

ക്രിസ്തുവിന്റെ പ്രേഷിതശിഷ്യർക്ക് എല്ലാവരോടും, അവരുടെ സാമൂഹ്യ, സാന്മാർഗിക നിലവാരം കണക്കിലെടുക്കാതെതന്നെ, എപ്പോഴും ഹൃദയപൂർവമായ താൽപര്യമാണ് ഉണ്ടായിട്ടുള്ളത്. വിവാഹവിരുന്നിന്റെ ഉപമ ഇക്കാര്യം നമ്മോട് പറയുന്നു. രാജാവിന്റെ ആജ്ഞപ്രകാരം സേവകർ "ദുഷ്ടരും ശിഷ്ടരും ഉൾപ്പെടെ കണ്ടെത്തിയവരെയെല്ലാം വിളിച്ചുകൂട്ടി" (മത്താ 22:10). എന്തിനു പറയണം, "ദരിദ്രരും വികലാംഗരും കുരുടരും മുടന്തരും" (ലുക്കാ 14:21), ചുരുക്കത്തിൽ, നമ്മുടെ എളിയ സഹോദരീസഹോദരന്മാർ, സമൂഹം പാർശ്വവൽകരിച്ചവർ, രാജാവിന്റെ പ്രത്യേക അതിഥികളായിമാറി. തന്റെ പുത്രനുവേണ്ടി ദൈവം ഒരുക്കിയിട്ടുള്ള വിവാഹവിരുന്ന് എപ്പോഴും എല്ലാവർക്കുംവേണ്ടി തുറന്നിരിക്കുന്ന ഒന്നാണ്; കാരണം, നമ്മോട് ഓരോരുത്തരോടുമുള്ള അവിടത്തെ സ്നേഹം അപാരവും വ്യവസ്ഥകളില്ലാത്തതുമാണ്. "എന്തെന്നാൽ, അവനിൽ വിശ്വസിക്കുന്ന ആരും നശിച്ചുപോകാതെ നിത്യജീവൻ പ്രാപി

ക്കുന്നതിന്, തന്റെ ഏകജാതനെ നൽകാൻ തക്കവിധം ദൈവം ലോകത്തെ അത്രമാത്രം സ്നേഹിച്ചു" (യോഹ 3:16). രൂപാന്തരപ്പെടുത്തുകയും രക്ഷിക്കുകയും ചെയ്യുന്ന തന്റെ കൃപയിൽ പങ്കുചേരാൻ ദൈവം എല്ലാവരെയും, ഓരോ സ്ത്രീയെയും പുരുഷനെയും, ക്ഷണിക്കുന്നു. സൗജന്യമായി ലഭിക്കുന്ന ഈ ദൈവിക ദാനത്തോട് ഒരാൾ "അതെ" എന്നുമാത്രം പറഞ്ഞാൽ മതി; അതിനെ സ്വീകരിക്കുകയും അതുവഴിയായി സ്വയം രൂപാന്തരപ്പെടാൻ അനുവദിക്കുകയും ചെയ്യുന്ന ഓരോരുത്തർക്കും "വിവാഹവസ്ത്രം" (മത്താ 22:12 കാണുക) ധരിച്ചതുപോലെ ആയിരിക്കാൻ സാധിക്കും.

എല്ലാവർക്കുംവേണ്ടിയുള്ള പ്രേഷിതദൗത്യം എല്ലാവരുടെയും പ്രതിജ്ഞാബദ്ധത ആവശ്യപ്പെടുന്നു. സുവിശേഷത്തിന്റെ ശുശ്രൂഷയിൽ പൂർണമായും സിനഡാത്മകവും പ്രേഷിതപരവുമായ ഒരു സഭയിലേക്കുള്ള സഞ്ചാരം നാം തുടരണം. സിനഡാത്മകത അടിസ്ഥാനപരമായി പ്രേഷിതാത്മകമാണ്, അതുപോലെ തിരിച്ച് പ്രേഷിതദൗത്യം എപ്പോഴും സിനഡാത്മകവും ആണ്. ആകയാൽ, സാർവത്രികസഭയിലും അതോടൊപ്പം പ്രാദേശികസഭകളിലും ശക്തമായ പ്രേഷിതപരമായ സഹകരണം എന്നത്തേതിനേക്കാൾ ഇന്ന് കൂടുതൽ അടിയന്തരവും അത്യാവശ്യവുമാണ്. രണ്ടാം വത്തിക്കാൻ കൗൺസിലിന്റെയും എന്റെ മുൻഗാമികളുടെയും പാത പിന്തുടർന്നുകൊണ്ട് *പൊന്തിഫിക്കൽ പ്രേഷിത സംഘങ്ങളുടെ* (Pontifical Mission Societies) ശുശ്രൂഷ ലോകം മുഴുവനുമുള്ള എല്ലാ രൂപതകളിലേക്കും ഞാൻ ശുപാർശ ചെയ്യുന്നു. "പേപ്പൽ പ്രേഷിതപ്രസ്ഥാനങ്ങളുടെ പ്രവർത്തനം കത്തോലിക്കർക്ക് അവരുടെ ബാല്യംമുതൽ സാക്ഷാൽ സാർവത്രികവും പ്രേഷിതപരവുമായ ജീവിതവീക്ഷണം നൽകുന്നതിനും എല്ലാ മിഷനുകൾക്കും അതാതിന്റെ ആവശ്യാനുസരണമുള്ള ധനസഹായത്തിനുവേണ്ടി കാര്യക്ഷമമായ പിരിവു നടത്തുന്നതിനും ഉപകരിക്കുന്ന" (പ്രേഷിതപ്രവർത്തനം [Ad Gentes], 38) മാർഗങ്ങളാണ് ഈ പ്രേഷിതസംഘങ്ങൾ. അക്കാരണത്താൽ ആഗോളപ്രേഷിതദിനത്തിൽ എല്ലാ പ്രാദേശിക സഭകളിലും നടത്തുന്ന ധനശേഖരണം പൂർണമായും ആഗോള ഐക്യദാർഢ്യത്തിനുവേണ്ടിയുള്ളതാണ്. പ്രസ്തുത ധനസഹായം പിന്നീട് *വിശ്വാസ പ്രചാരണ പൊന്തിഫിക്കൽ സംഘം* (Pontifical Society for the Propagation of the Faith) പാപ്പായുടെ നാമത്തിൽ സഭയുടെ എല്ലാ പ്രേഷിതപ്രവർത്തനത്തിന്റെയും ആവശ്യങ്ങൾക്കായി വിതരണം ചെയ്യുന്നു. സഭ

വർധിത്മായി സിനഡാത്മകവും പ്രേഷിതപരവും ആയിത്തീരാൻ കർത്താവ് നമ്മെ നയിക്കുകയും സഹായിക്കുകയും ചെയ്യണമെന്ന് നമുക്ക് പ്രാർത്ഥിക്കാം (മെത്രാൻമാരുടെ സിനഡിന്റെ സാധാരണ പൊതു സമ്മേളനം ഉപസംഹരിച്ചുകൊണ്ടു നടത്തിയ ദിവ്യപൂജയിലെ പ്രഭാഷണം [Homily for the Concluding Mass of the Ordinary General Assembly of the Synod of Bishops], ഒക്ടോബർ 23, 2023).

അവസാനമായി, ഗലീലിയിലെ കാനായിലെ വിവാഹവിരുന്നിൽ യേശുവിനോട് തന്റെ ആദ്യത്തെ അദ്ഭുതം പ്രവർത്തിക്കാൻ അഭ്യർഥിച്ച മറിയത്തിലേക്ക് (യോഹ 2:1-12 കാണുക) നമുക്ക് നമ്മുടെ ദൃഷ്ടി ഉയർത്താം. കർത്താവ് നവദമ്പതികൾക്കും എല്ലാ അതിഥികൾക്കുമായി സമൃദ്ധമായി പുതുവീഞ്ഞു നൽകി. അവസാനകാലത്ത് എല്ലാവർക്കുംവേണ്ടി ദൈവം ഒരുക്കുന്ന വിവാഹവിരുന്നിന്റെ ഒരു മുന്നാസ്വാദനമായിരുന്നു അത്. നമ്മുടെ ഈ കാലഘട്ടത്തിലെ ക്രിസ്തുശിഷ്യരുടെ സുവിശേഷവൽകരണദൗത്യത്തിൽ നമ്മെ സഹായിക്കാനായി അവളുടെ മാതൃസഹജമായ മാധ്യസ്ഥ്യം നമുക്ക് പ്രാർത്ഥിക്കാം. നമ്മുടെ അമ്മയുടെ സന്തോഷത്തോടും നമ്മോടുള്ള കരുതലോടുംകൂടെ, അവളുടെ ആർദ്രതയിലും സ്നേഹത്തിലുംനിന്ന് ശക്തിസംഭരിച്ചുകൊണ്ട് (*സുവിശേഷത്തിന്റെ സന്തോഷം*, 288 കാണുക) നമ്മുടെ രക്ഷകനായ രാജാവിന്റെ ക്ഷണം എല്ലാവർക്കും നൽകാനായി നമുക്ക് ഇറങ്ങിപുറപ്പെടാം. പരിശുദ്ധ മറിയമേ, സുവിശേഷവൽകരണതാരമേ, ഞങ്ങൾക്കുവേണ്ടി അപേക്ഷിക്കണമേ!

റോമിലെ വിശുദ്ധ ജോൺ ലാറ്ററൻ മഹാദേവാലയത്തിൽവച്ച് വിശുദ്ധ പൗലോസ് അപ്പോസ്തലന്റെ മാനസാന്തരതിരുനാളിൽ, 2024 ജനുവരി 25-ാം തീയതി നൽകപ്പെട്ടത്.

**ഫ്രാൻസിസ് പാപ്പാ**

CONGREGATIO
PRO ECCLESIIS ORIENTALIBUS

*Dicastero* dal 5 giugno 2022

00193 Roma
Via della Conciliazione, 34
Indirizzo postale: 00120 Città del Vaticano

21 August 2024

Prot. N. 144/2023

Your Excellency,

By letter Prot. No. AAP-13/2024 dated 6 August 2024, Your Excellency requested the concurrence of this Dicastery for the sacerdotal ordination of eight deacons incardinated in the Archeparchy of Ernakulam-Angamaly, also informing me of the recent fall and injury of Your Excellency, as well as the hospitalisation of various chancery officials due to dengue fever.

Promising my fervent prayers for the recovery of Your Excellency and all the collaborators concerned, I must respond about the aforesaid petition that the Apostolic See has not revised its decisions nor its assessment of the concrete circumstances. Furthermore, the Pontifical Delegate, responsible for communicating the mind of the Holy Father about the liturgical questions that are at the basis of the present problems, confirms what was agreed at the meeting in Rome and adds nothing to the well-known general positions already clearly articulated for the moral certainty of all.

I just want to highlight the following aspect: although Your Excellency has examined these deacons – whose situation certainly calls for compassion – and is satisfied that they are untainted by the spirit of disobedience, it remains vital to verify the potential for them to exercise sacred ministry in accordance with the mind and heart of Christ, by living full fidelity to their ecclesiastical commitments. If it is not possible

./.

---

His Excellency
The Most Reverend Bosco PUTHUR
Bishop emeritus of St. Thomas the Apostle of Melbourne
Apostolic Administrator *sede plena* of Ernakulam-Angamaly
Ernakulam, Post Box N. 2580
KOCHI 682 031, Kerala, India

CONGREGATIO
PRO ECCLESIIS ORIENTALIBUS

2.

to nominate them to parishes or other institutions where the Holy *Qurbana* is celebrated according to the synodal norms within the Archeparchy, the only solution might be for them to consider ordination and temporary incardination in another Eparchy whatsoever where such circumstances are met, returning to Ernakulam-Angamaly when and if a climate of communion is restored. In any case, it is necessary to act prudently, since an ordination under pressure or subject to conditions would undermine the freedom of those involved and could call into question the validity of the sacrament.

A copy of the present communication is being sent to His Beatitude the Major Archbishop.

With cordial good wishes and fraternal regards in the Lord, I remain

Sincerely yours,

Claudio Card. Gugerotti
Prefect

✠ Michel Jalakh, oam
Archbishop Secretary

**Mar Raphael Thattil**
Major Archbishop of the Syro-Malabar Church

Prot. No. 0905/2024 07 September 2024

**His Excellency**
**Mar Bosco Puthur**
**Apostolic Administrator**
**Major Archbishop's House**
**Ernakulam, P. B. No. 2580**
**Kochi - 682031**

Dear Bishop Bosco Puthur,

Greetings in our Lord Jesus Christ!

I would like to bring to your kind attention the directives, formulated on the basis of the deliberations held in the just concluded III Session of the XXXII Synod of Bishops held from 19 to 31 August 2024. I forward them to you, as per the decision of the Synod, for your follow up and necessary action, in view of implementing the uniform of mode of celebration of the Holy *Qurbana* in the Archeparchy of Ernakulam-Angamaly.

The Synod is unequivocal in stating that the decision of the Synod on the uniform of mode of celebration of the Holy *Qurbana* which was approved by the Dicastery for Eastern Churches and repeatedly exhorted by the Holy Father remains intact also in the Archeparchy of Ernakulam-Angamaly. Taking into consideration the principle of graduality in view of catechetical purpose, certain exceptions were already given to the Archeparchy in view of the full implementation of the uniform mode of celebration of the Holy *Qurbana*. Consequently, the directives in the Circular published on June 9 and the provisions given in the Post-Synodal Notification on June 21 and the Explanatory Note on July 1 must be implemented sincerely in the Archeparchy. Although the Synod appreciates the positive outcome of 118 parishes where the uniform mode of celebration of the Holy *Qurbana* has begun at least once on Sundays and other days of obligation, everyday in the minor seminary and in seven parishes of the Archeparchy, the Synod is categorical and unanimous that it is to be implemented in the entire Archeparchy.

In this context, the Synod decided to give you the following directives to be executed in the Archeparchy immediately:

1. It must be made clear unambiguously that there is no question of going back from the decision on the implementation of the uniform mode of celebration of the Holy *Qurbana* in the Archeparchy of Ernakulam-Angamaly.

2. The Holy *Qurbana* in the uniform mode must be celebrated in all the parishes as one of the scheduled *Qurbanas* on Sundays and other days of obligation.
3. As prescribed in no. 3 of the Post-Synodal Notification published on 21 June 2024, (Ref. N. 5/2024), canonical actions must be initiated (starting with show-cause notice) against the priests who do not follow the above instruction.
4. The forane vicars are to be called by the Apostolic Administrator for dialogue to facilitate the implementation of the uniform mode of celebration of Holy *Qurbana* at least one scheduled mass in every Sunday and on other days of obligation.
5. As the Post-Synodal notification, no. 7, clearly states, 'the Bishops and priests visiting the parishes of the Archeparchy can celebrate Holy *Qurbana* in the uniform mode', steps must be taken to ensure the implementation of this decision.
6. The priests, who stood with the decision of the Synod, celebrating the Holy *Qurbana* in the uniform mode, must be properly heard and consulted.
7. Proper catechesis in view of implementing the uniform mode of celebration of the Holy *Qurbana* must be done sincerely by the priests. The use of *Bema* must be made mandatory in the celebration of the Holy *Qurbana*.
8. As the ordination of deacons is an emotional issue in the Archeparchy, it must be handled with utmost prudence. In this regard:
   i. The deacons must be examined by the Apostolic Administrator to know their mind in obeying the synodal decision on the implementation of the uniform mode of celebration of the Holy *Qurbana*.
   ii. A written affidavit must be obtained from the deacons expressing their allegiance to the Synodal decision on the uniform mode of celebration of the Holy *Qurbana*.
   iii. It is up to the Local Hierarch to provide the environment for the newly ordained priests to celebrate the Holy *Qurbana* in the uniform mode.
   iv. The deacons may be ordained together at the Cathedral Basilica or other churches of importance, concelebrating the uniform mode of Holy *Qurbana* with the ordaining Local Hierarch.

The format of the written affidavit, to be obtained from the deacons expressing their allegiance to the Synodal decision on the uniform mode of celebration of the Holy *Qurbana*, as indicated in 8.ii, is attached with this letter. The same format will be signed by all candidates to priesthood in our Church.

Mar Raphael Thattil
Major Archbishop of the Syro-Malabar Church

While appreciating your earnestness in fulfilling the duties of the Apostolic Administrator in the Archeparchy of Ernakulam- Angamaly, entrusted to you by Holy Father Pope Francis, I commend you to the protection of the Sacred Heart of Jesus.

With fraternal regards,

Yours in the Lord,

**Mar Raphael Thattil**
Major Archbishop of Syro-Malabar Church

Mar Raphael Thattil • Major Archbishop of the Syro-Malabar Church

Enclosed:

1. Petition for Admission to the Sacred Order of Priesthood

Syro-Malabar Major Archiepiscopal Curia | Mount St. Thomas, P.B. No. 3110, Kakkanad P.O., Kochi - 682030, Kerala, India | Tel: 0484-2428271 | Email: majorarchbishop@gmail.com Website: www.syromalabarchurch.in

# Petition for Admission to the Sacred Order of Priesthood

**To**

**His Beatitude/His Grace/His Excellency**
**Mar………………………………………………………**
**Archbishop/Bishop of……………………………..**

Your Beatitude/Your Grace/Your Excellency,

I, the undersigned *Msamsana* (Name)…………………………………………… ………… of the parish of ……………………………………………………, now doing the fourth year of theology in ……………………………………………, Seminary, ……………………………………………, ………………………., humbly request Your Beatitude/Your Grace/Your Excellency/ to kindly admit me to the Sacred Order of Priesthood.

I declare that in wishing to be ordained Priest, I am acting under no compulsion or force or fear, and that I submit this petition with my free knowledge and will and I am fully convinced that I am really called by God.

I proclaim that I will always be obedient and loyal to the Holy Father, the Apostolic See, the Synod of Bishops of the Syro-Malabar Church, the Major Archbishop and to my eparchial bishop.

I acknowledge that all the obligations attached to the said Sacred Order are fully known to me and that I freely wish and resolve to undertake them, with the help of God, to keep them most diligently throughout my whole life.

I declare especially that I clearly understand what is meant by the law of celibacy, and I resolutely and freely promise with God's grace to observe the said law totally and perpetually.

I affirm that I am aware of my pastoral obligation to respect the dignity of every human person, especially of minors and vulnerable adults, and also to ensure a safe environment for them in all areas of my pastoral ministry. I acknowledge that I will be fully responsible for my behavior that would violate the safe environment policy of the Church.

I promise that I will celebrate the Holy *Qurbana* and administer all other sacraments according to the decision and direction of the Synod of Bishops of the Syro-Malabar Church, especially the decision of the Synod of Bishops of the Syro-Malabar Church on the uniform mode of celebration of the Holy *Qurbana*, (the celebrant shall face the faithful at the *Bema* during the Liturgy of the Word, turn towards the Altar - in the same direction that the faithful are facing – for the Liturgy of the Eucharist, and once again face the faithful during the concluding rites after Holy Communion) which came into force on 28 November 2021, endorsed by the Apostolic See and exhorted repeatedly by the Holy Father Pope Francis for its prompt implementation and any further decision on the matter by the Synod with the approval the Apostolic See. I am aware of the canonical consequences if I fail to comply with this decision of the Synod.

Lastly, I sincerely promise that I will always, according to the Sacred Canons, obey all those commands which my superiors and the ecclesiastical discipline enjoin on me.

I am prepared to show forth examples of virtue so as to deserve to be rewarded by God for undertaking such a great ministry.

This document is signed in attestation of this declaration.

Requesting Your Beatitude's/Your Grace's/Your Excellency's prayers and blessings and with humble expression of my sincere and deep respect, Your Beatitude's/Your Grace's /Your Excellency's devoted son in Christ,

**Sd/-** **Place:**

**Name:** **Date:**

# കച്ചേരിക്കാര്യം

## Transfers/Appointments of Priests

**September 2024**

| | |
|---|---|
| Ambarayil Liviju (Faridabad) | Kudavechoor - Asst. Vicar |
| Edassery Jose | Relieved - Koratty - Vicar (Residence - Niveditha) |
| Kakkattu Johnson Jose | Koratty - Vicar |
| Kakkattuchira Thomas (Jimmichan) | Medical Leave |
| Kanamkudam George | Medical Leave |
| Kodiyan Joseph | Kolengai - Vicar |
| Kollamkudy Rocky | Relieved - L.F. Hospital, Angamaly - Asst. Director |
| Koroth Jacob | Choondy - Vicar |
| Kozhuvallil Varkey (Sanju) | Thottuva - Vicar |
| Maippan Thomas (Ancil) | Kaitharam - Vicar |
| Mazhuvanchery Thomas | Kuttipuzha - Vicar |
| Mulavarickal Joseph (Nelbin) | Rome - Study |
| Mundadan Tharian | Attara - Pro. Vicar |
| Oliapurath Jose | Kathikudam - Vicar |
| Padannakkal Davis (Ajil) | Koovapadam - Vicar |
| Padinjarepallattil Joseph | Relieved - Kolengai - Vicar (Leave) |
| Pallippattu Paul (Nikhil) | Koratty - Asst. Vicar |
| Periyappadan Jomy John | Relieved - Koratty - Vicar Asst. |
| Perumayan Thomas (Joy) | Cheranalloor East - Vicar |
| Poonoly Martin CSJBP | Relieved - Attara - Pro. Vicar |
| Pulickathadathil Dino RCJ | Meloor (Residence) |
| Theckanath Thomas (MF) | Mattoor - Asst. Vicar |
| Vezhaparambil Joshy | Thripunithura - Vicar |

**August 2024**

| | |
|---|---|
| Chalissery Anto | Relieved - Madona Charitable Trust - Executive Director |
| Illimoottil Joby (Chanda) | Angamaly (Resident Priest) |
| Kaiprampadan Justine | Relieved - Administrative Tribunal - Notary |
| Kannambilly Joseph (Sanjo) | CML - Asst. Director |
| Kiliyelkudy Paul (Anil) | CML - Director |
| Koikkalot Renerse (Mandya) | Relieved - Kidangoor - Asst. Vicar |
| Palathinkal Martin (Jerin) | Relieved - CML - Director |
| Pallippadan Poulose (Akhil) | Administrative Tribunal - Notary |
| Punnackal Paul (Pinto) | Madona Charitable Trust - Executive Director |
| Theckanath John | Josepuram - Priest-in-charge |
| Valiaveettil Varghese (Arun) | Santhipuram - Vicar |

*Chancellor*

# വാർത്തകളും വിശേഷങ്ങളും

## ചങ്ങനാശേരിക്കും ഷംഷാബാദിനും പുതിയ ഇടയന്മാർ

ചങ്ങനാശേരി അതിരൂപത ആർച്ചുബിഷപ്പായി മാർ തോമസ് തറയിലിനെയും ഷംഷാബാദ് രൂപതാധ്യക്ഷനായി മാർ പ്രിൻസ് ആന്റണി പാണേങ്ങാടനെയും സീറോമലബാർസഭാ സിനഡ് നിയമിച്ചു. ചങ്ങനാശ്ശേരി അതിരൂപതാധ്യക്ഷനായിരുന്ന ആർച്ചുബിഷപ് ജോസഫ് പെരുന്തോട്ടം 75 വയസ്സ് പൂർത്തിയായതിനെ തുടർന്നു രാജി സമർപ്പിച്ചിരുന്നു.

ചങ്ങനാശേരി അതിരൂപത സഹായമെത്രാനായി പ്രവർത്തിച്ചു വരികയായിരുന്നു മാർ തോമസ് തറയിൽ. 1972-ൽ ചങ്ങാശ്ശേരി സെന്റ് മേരീസ് മെത്രാപ്പോലീത്തൻ പള്ളി ഇടവകാംഗമായി ജനിച്ച ആർച്ചുബിഷപ് തറയിൽ, വടവാതൂർ സെമിനാരിയിൽ പഠനം പൂർത്തിയാക്കി 2000-ൽ

പൗരോഹിത്യം സ്വീകരിച്ചു. റോമിലെ ഗ്രിഗോറിയൻ പൊന്തിഫിക്കൽ യൂണിവേഴ്സിറ്റിയിൽ നിന്നു സൈക്കോളജിയിൽ ഡോക്ടറേറ്റ് നേടി. 2017-ൽ ചങ്ങനാശേരി അതിരൂപത സഹായമെത്രാനായി നിയമിതനായി.

തൃശൂർ അതിരൂപതയിലെ അരിമ്പൂരിൽ 1976-ൽ ജനിച്ച ബിഷപ് പ്രിൻസ് ആന്റണി പാണേങ്ങാടൻ 2007-ൽ പൗരോഹിത്യം സ്വീകരിച്ചു. റോമിലെ ഉർബാനിയ യൂണിവേഴ്സിറ്റിയിൽനിന്നു ബിബ്ലിക്കൽ തിയോളജിയിൽ ഡോക്ടറേറ്റ് നേടി. 2015-ൽ രൂപതാധ്യക്ഷനായി നിയമിക്കപ്പെട്ടു.

## മജുഗോറിയെ മരിയൻ ഭക്തികേന്ദ്രത്തിന് പരിശുദ്ധ സിംഹാസനത്തിന്റെ അംഗീകാരം

ഫ്രാൻസിസ് പാപ്പായുടെ അംഗീകാരപ്രകാരം, വിശ്വാസകാര്യങ്ങൾക്കായുള്ള വത്തിക്കാൻ ഡികാസ്റ്ററി, മജുഗോറിയെ മരിയൻ ഭക്തികേന്ദ്രത്തിലെ ആത്മീയനന്മകൾ സംബന്ധിച്ച രേഖ പുറത്തിറക്കി. പരിശുദ്ധ സിംഹാസനത്തിന്റെ അനുമതിയോടെ മൊസ്താർ ഇടവകദ്ധ്യക്ഷൻ പുറപ്പെടുവിച്ച *'നുള്ള ഓസ്താ'* രേഖ അനുസരിച്ച്, മജുഗോറിയയിൽ, വിശ്വാസികൾക്ക്, അവിടെയുള്ള പൊതുവായ ആരാധനയും പ്രാർത്ഥനകളും വഴി, തങ്ങളുടെ ക്രൈസ്തവജീവിതത്തിനായുള്ള പ്രചോദനം സ്വീകരിക്കുന്നതിന് പരിശുദ്ധ സിംഹാസനം അംഗീകാരം നൽകി.

മജുഗോറിയയിലെ സന്ദേശങ്ങൾക്ക് പിന്നിലെ അജപാലനമൂല്യം തിരിച്ചറിയാനും, അവയിലെ അദ്ധ്യാത്മികപ്രചോദനം ഏവരിലേക്കുമെത്തിക്കുന്നതിന് ശ്രമിക്കാനും പരിശുദ്ധ സിംഹാസനം നിർദ്ദേശിച്ചു. മജുഗോറിയയിലേക്ക് തീർത്ഥാടനം നടത്തുന്നവരോട്, അവിടെ, പരിശുദ്ധ അമ്മയുടെ സന്ദേശം സ്വീകരിക്കുന്നവരെ കാണാനല്ല, മറിച്ച്, സമാധാനത്തിന്റെ രാജ്ഞിയായ പരിശുദ്ധ അമ്മയെ കണ്ടുമുട്ടാനാണ് നിങ്ങൾ പോകേണ്ടതെന്നും പരിശുദ്ധ സിംഹാസനം ഓർമ്മിപ്പിക്കുന്നു.

## സിനഡ് പ്രാർത്ഥനയുടെ സമയം, കർദ്ദിനാൾ മാരിയൊ ഗ്രെക്!

നാം ആദ്യം ശ്രവിക്കേണ്ടത് കർത്താവിനെയാണെന്നും ഈ 'യഥാർത്ഥ' ശ്രവണമാണ് പിന്നീട് പരസ്പരം കേൾക്കാനും വിശ്വാസികളുടെ ഹൃദയത്തോട് സംസാരിക്കുന്ന പരിശുദ്ധാരൂപിയെ ശ്രവിക്കാനും നമ്മെ പ്രാപ്തരാക്കുന്നതെന്നും മെത്രാന്മാരുടെ സിനഡിന്റെ പൊതുകാര്യദർശി കർദിനാൾ മാരിയൊ ഗ്രെക്.

മെത്രാന്മാരുടെ സിനഡിന്റെ 16-ാം സാധാരണ സമ്മേളനത്തിന്റെ ഇക്കൊല്ലം ഒക്ടോബറിൽ വത്തിക്കാനിൽ നടക്കാൻ പോകുന്ന രണ്ടാമത്തെയും അവസാനത്തെയുമായ ഘട്ടത്തെക്കുറിച്ച് മാദ്ധ്യമപ്രവർത്തകരോട് വിശദീകരിക്കുന്നതിന് 16-ാം തീയതി തിങ്കളാഴ്ച പരിശുദ്ധ സിംഹാസനത്തിന്റെ വാർത്താവിനിമയ കാര്യാലയത്തിൽ, അഥവാ, പ്രസ്സ് ഓഫീസിൽ നടന്ന വാർത്താസമ്മേളനത്തിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.

ആകമാന സഭയെ ഉൾക്കൊള്ളിച്ചുകൊണ്ട് വിവിധ ഘട്ടങ്ങളിലൂടെ കടന്നു പോയ ഈ സിനഡു സമ്മേളനം അതിന്റെ സമാപന ഘട്ടത്തിലേക്കു കടക്കാൻ പോകുന്നതിനെക്കുറിച്ച് സൂചിപ്പിച്ചുകൊണ്ട് ദൈവം ആഗ്രഹിക്കുന്നിടത്തേക്കു സിനഡിനെ നയിക്കുന്നത് പരിശുദ്ധാരൂപിയാണെന്നും സിനഡുയോഗം പ്രാർത്ഥനയുടെ വേളയാണെന്നും കർദ്ദിനാൾ ഗ്രെക് പ്രസ്താവിച്ചു.

സിനഡിനോടനുബന്ധിച്ച് ഒക്ടോബർ 1-ന് വിശുദ്ധ പത്രോസിന്റെ ബസിലിക്കയിൽ ഫ്രാൻസീസ് പാപ്പാ പാപപ്പരിഹാര ജാഗരണ പ്രാർത്ഥന നയിക്കുമെന്ന് അദ്ദേഹം പറഞ്ഞു. അതുപോലെതന്നെ, ഒക്ടോബർ 11-ന് വെള്ളിയാഴ്ച വൈകുന്നേരം സിനഡുശാലയിൽ സന്നിഹിതരായിരിക്കുന്ന അകത്തോലിക്ക സമൂഹങ്ങളുടെ പ്രതിനിധികളുമൊത്ത് ഒരു എക്യുമെനിക്കൽ പ്രാർത്ഥനാ ശുശ്രൂഷയും ഉണ്ടാകുമെന്ന് കർദ്ദിനാൾ ഗ്രെക് പറഞ്ഞു.



# നിര്യാതയായി



**സി. ഇവാഞ്ചലിസ്റ്റ് വാളൂരാൻ SABS**
അഡോറേഷൻ കോൺവെന്റ്, എളവൂർ

| | | |
|---|---|---|
| ജനനം | : | 17-12-1936 |
| വ്രതവാഗ്ദാനം | : | 16-04-1963 |
| മരണം | : | 22-09-2024 |



**സി. അസൂന്ത CMC**
സെന്റ് ജോസഫ്സ് കോൺവെന്റ്, തൃപ്പൂണിത്തുറ

| | | |
|---|---|---|
| ജനനം | : | 15-05-1932 |
| വ്രതവാഗ്ദാനം | : | 01-05-1958 |
| മരണം | : | 12-09-2024 |

# AICO
## (Archdiocesan Institutions' Central Office)

**ബജറ്റ് / ബോർഡ് മീറ്റിംഗ്**

| | |
|---|---|
| ഓഗസ്റ്റ് 29 | മഡോണ സെന്റർ, വാഴക്കുളം |
| സെപ്റ്റം. 10 | ലിസി മെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻസ് |
| സെപ്റ്റം. 11 | 1. വെൽഫെയർ സർവ്വീസസ്, എറണാകുളം<br>2. സഹൃദയ വെസ്കോ ക്രെഡിറ്റ് |

**സൈറ്റ്/കൺസ്ട്രക്ഷൻ കമ്മിറ്റി മീറ്റിംഗ് & സൈറ്റ് വിസിറ്റ്**

| | |
|---|---|
| ഓഗസ്റ്റ് 30 | 1. ഭാരത മാതാ സ്കൂൾ ഓഫ് ലീഗൽ സ്റ്റഡീസ്, ചൂണ്ടി<br>2. നിവേദിത, ചുണങ്ങംവേലി |
| സെപ്റ്റം. 04 | 1. സെന്റ് ഫ്രാൻസിസ് അസ്സീസി സ്കൂൾ, അത്താണി<br>2. ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ, അങ്കമാലി |
| സെപ്റ്റം. 07 | സെന്റ് ഫ്രാൻസിസ് അസ്സീസി സ്കൂൾ, അത്താണി |
| സെപ്റ്റം. 12 | ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ, അങ്കമാലി |
| സെപ്റ്റം. 18 | 1. ലിറ്റിൽ ഫ്ളവർ ഹോസ്പിറ്റൽ, അങ്കമാലി<br>2. നൈപുണ്യ കോളേജ്, പൊങ്ങം |
| സെപ്റ്റം. 24 | നൈപുണ്യ കോളേജ്, പൊങ്ങം |

**ഫാ. വർഗീസ് പൊട്ടയ്ക്കൽ**
**പ്രോട്ടോസിഞ്ചെല്ലൂസ്**

# വിശ്വാസപരിശീലനകേന്ദ്രം

I. വിശ്വാസപരിശീലനത്തിന്റെ ഒന്നാം സെമസ്റ്റർ പരീക്ഷ നവംബർ 03 ഞായറാഴ്ചയാണ്. 2024-2025 അദ്ധ്യയന വർഷത്തിലെ പുതുക്കിയ കാറ്റിക്കിസം സിലബസ്സിനെക്കുറിച്ചുള്ള വിശദവിവരങ്ങൾക്ക് Website: www.catechismernakulam.com-ൽ Syllabus എന്ന Menu ക്ലിക്ക് ചെയ്ത് Search ചെയ്യുക.

II. 2024-2025 അദ്ധ്യയന വർഷത്തിലെ രണ്ടാം വർഷ ഡിപ്ലോമ (ക്ലാസ്സ് XII) റസിഡൻഷ്യൽ കോഴ്സ് 1st Session: 2024 ഒക്ടോബർ 12, 13 (ശനി, ഞായർ) തീയതികളിൽ. 12-ാം തീയതി ശനിയാഴ്ച രാവിലെ 08.30-ന് എത്തിച്ചേരണം. 13-ാം തീയതി ഞായറാഴ്ച വൈകുന്നേരം 4.00 മണിക്കുശേഷം തിരിച്ചുപോകാം. സ്ഥലം: റിന്യൂവൽ സെന്റർ, ആസാദ് റോഡ്, കലൂർ, എറണാകുളം.

III. ഒന്നാംവർഷ ഡിപ്ലോമ (ക്ലാസ്സ് XI) റസിഡൻഷ്യൽ കോഴ്സ് 1st Session: 2024 സെപ്റ്റംബർ 21, 22 തീയതികളിൽ നടന്നു. 63 കുട്ടികൾ ഈ കോഴ്സിൽ പങ്കെടുത്തു.

IV. Walk With (An Orientation Programme for Young Priests For Youth Engagement): യുവജനങ്ങൾക്കും കാറ്റിക്കിസം കുട്ടികൾക്കും ക്ലാസ്സുകൾ നയിക്കുന്നതിനായുള്ള യുവവൈദീകരുടെ റീസോഴ്സ് ടീം പരിശീലന ക്ലാസ്സുകൾ 2024 സെപ്റ്റംബർ 05, 20 തീയതികളിൽ റിന്യൂവൽ സെന്ററിൽ നടന്നു. ബഹുമാനപ്പെട്ട ഫാ. ബിനോജ് മുളവരിയ്ക്കൽ ക്ലാസ്സുകൾക്ക് നേതൃത്വം നൽകി.

V. 2024 ഒക്ടോബർ മാസത്തിൽ നടക്കുന്ന എലൈവ് & എൻലൈറ്റ് പരിപാടികൾ:

| | |
|---|---|
| 13 ഞായർ: എലൈവ് | - ഇടപ്പള്ളി ഫൊറോന |
| 13 ഞായർ: എൻലൈറ്റ് | - എറണാകുളം ഫൊറോന |
| 20 ഞായർ: എലൈവ് | - അങ്കമാലി ഫൊറോന |
| 27 ഞായർ: എലൈവ് | - കറുകുറ്റി ഫൊറോന |

VI. 2024 സെപ്റ്റംബർ മാസത്തിൽ നടന്ന എലൈവ് & എൻലൈറ്റ് പരിപാടികൾ:

| | |
|---|---|
| 01 ഞായർ: എൻലൈറ്റ് | - കൊരട്ടി ഫൊറോന |
| 01 ഞായർ: എലൈവ് | - മൂക്കന്നൂർ ഫൊറോന |
| 08 ഞായർ: എലൈവ് | - തൃപ്പൂണിത്തുറ ഫൊറോന |
| 21 ശനി: എൻലൈറ്റ് | - ഇടപ്പള്ളി ഫൊറോന |
| 22 ഞായർ: എലൈവ് | - കൊരട്ടി ഫൊറോന |

എലൈവ് & എൻലൈറ്റ് പ്രോഗ്രാമുകൾ നടത്തുവാൻ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിത്തന്ന ബഹു. വികാരിയച്ചന്മാർക്കും വിശ്വാസ പരിശീലകർക്കും പള്ളികമ്മിറ്റി അംഗങ്ങൾക്കും ഫൊറോന കൗൺസിലിനും പ്രത്യേകം നന്ദി.

**ഫാ. പോൾ മോറേലി**
**ഡയറക്ടർ**

---

## ഫാമിലി അപ്പോസ്തലേറ്റ്

Renewal Centre, Azad Road, Kaloor. Tel: 0484-2533077, 9387074644
Jeevalaya Family Park, Chengal, Kalady 683574. Tel: 0484-2462607, 8281544111
Vaikom: 9495411200, E-Mail : jeevalayafamilypark@gmail.com

---

### 2024 ഒക്ടോബർ - നവംബർ

#### വിവാഹഒരുക്ക ധ്യാനം (MPR)

| | |
|---|---|
| ഒക്ടോബർ 01-03 (കാലടി) | നവംബർ 04-06 (കലൂർ) |
| ഒക്ടോബർ 07-09 (കലൂർ) | നവംബർ 12-14 (കാലടി) |
| ഒക്ടോബർ 15-17 (കാലടി) | നവംബർ 26-28 (കാലടി) |
| ഒക്ടോബർ 21-23 (കലൂർ) | |
| ഒക്ടോബർ 29-31 (കാലടി) | |

NB: വിവാഹ ഒരുക്കധ്യാനം ബുക്ക് ചെയ്യാൻ www.jeevalaya.org സന്ദർശിക്കുക.

**ബേബിഷൈൻ ധ്യാനം** (Contact: 8078334522)

ഒക്ടോബർ 04-06 (20 ദമ്പതികൾക്ക് മാത്രം)

**ദമ്പതീധ്യാനം** (Contact: 8078334522)

ഒക്ടോബർ 10-13 (20 ദമ്പതികൾക്ക് മാത്രം)

**വിധവാധ്യാനം** (Contact: 9400929111)

ഒക്ടോബർ 17-19

**പാരന്റിംഗ് സെമിനാർ** (മതബോധനം)

ഒക്ടോബർ 20 - പെരുമാനൂർ

**സ്നേഹജ്വാല** (ദാമ്പത്യപരിപോഷണ പരിശീലനം)

ഒക്ടോബർ 11-13 - മാടക്കൽ
ഒക്ടോബർ 18-20 - പെരുമാനൂർ

**വിവാഹോത്സവ് - 2024**

**1974, 1999** വർഷങ്ങളിൽ വിവാഹിതരായ അതിരൂപതയിലെ ജൂബിലേറിയൻ ദമ്പതികളെ ആദരിക്കുന്ന വിവാഹോത്സവ് ഒക്ടോബർ മാസത്തിൽ ഫൊറോനാ തലത്തിൽ നടത്തുന്നു.

ഓരോ ഫൊറോനയുടെയും തീയതി ശ്രദ്ധിക്കുമല്ലോ

**ഫൊറോനതല വിവാഹോത്സവ് തീയതികൾ:**

| | | |
|---|---|---|
| ഒക്ടോബർ | 05 | - ഇടപ്പള്ളി, കിഴക്കമ്പലം |
| ഒക്ടോബർ | 12 | - എറണാകുളം, പറവൂർ |
| ഒക്ടോബർ | 19 | - തൃപ്പൂണിത്തുറ, വൈക്കം |
| ഒക്ടോബർ | 26 | - പള്ളിപ്പുറം, ചേർത്തല |

**ഫാ. ജോസഫ് മണവാളൻ**
**ഡയറക്ടർ**

## സഹൃദയ
(അതിരൂപതാ സാമൂഹ്യപ്രവർത്തന വിഭാഗം)

### വയനാട് പുനരധിവാസ പദ്ധതി
അതിരൂപത സഹൃദയ വഴി നടപ്പാക്കുന്ന വയനാട് ഭവന നിർമാണ പദ്ധതിയിലേക്ക് 2024 സെപ്റ്റംബർ 20 വരെ 168 ഇടവകകളിൽ നിന്നായി 1,73,96,847 രൂപ ലഭിച്ചിട്ടുണ്ട്.

### ആയിരം കടന്ന് സഹൃദയ ജെ. എൽ. ജി. കൾ
സഹൃദയയുടെ മൈക്രോ ഫിനാൻസ് വിഭാഗമായ വെസ്കോ ക്രഡിറ്റിന്റെ കീഴിൽ ഫെഡറൽ ബാങ്കിന്റെ സഹകരണത്തോടെ കുറഞ്ഞ കാലയളവിനുള്ളിൽ 1000 ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ രൂപീകരിച്ചതിന്റെയും 27 കോടിയിലധികം രൂപ സ്വയം തൊഴിൽ വായ്പയായി നൽകിയതിന്റെയും പ്രഖ്യാപനം കൊച്ചി നഗരസഭാ മേയർ നിർവഹിച്ചു.

### വിമൻ എംപവർമെന്റ് ക്ലാസ്സ് സംഘടിപ്പിച്ചു
സഹൃദയ ഇറ്റാലിയൻ ബിഷപ്പ് കോൺഫറൻസുമായി സഹകരിച്ച് നടപ്പാക്കുന്ന വിമൻ എംപവർമെന്റ് പദ്ധതിയുടെ ഭാഗമായി 'സ്ത്രീ ശാക്തീകരണവും, ബിസിനസ് ഡെവലപ്പ്മെന്റും' എന്ന വിഷയത്തെ ക്കുറിച്ചുള്ള ബോധവത്കരണ ക്ലാസ്സ് നീറിക്കോട്, ചുണങ്ങംവേലി, തുരുത്തിപ്പുറം, പെരിയാർമുഖം, പച്ചാളം, കടവന്ത്ര, കാഞ്ഞൂർ, ശ്രീമൂലനഗരം ഇടവകകളിൽ സംഘടിപ്പിച്ചു.

### ദ്വിദിന ശില്പശാല സംഘടിപ്പിച്ചു
സഹൃദയ ഇറ്റാലിയൻ ബിഷപ്പ്സ് കോൺഫറൻസുമായി സഹകരിച്ച് നടപ്പാക്കുന്ന സ്ത്രീ ശാക്തീകരണ പരിപാടിയുടെ ഭാഗമായി രണ്ടു ദിവസത്തെ ശില്പശാല പറവൂർ മേഖല ഓഫീസിൽ സംഘടിപ്പിച്ചു.

### സ്വയം സഹായ സംഘങ്ങളുടെ സംയുക്ത വാർഷിക ആഘോഷം
ചുണങ്ങംവേലി, തുരുത്തിപ്പുറം, തെങ്ങോട്, പെരിയാർമുഖം, ഈസ്റ്റ് ചേരാനല്ലൂർ ഇടവകകളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങളുടെ സംയുക്ത വാർഷികം സംഘടിപ്പിച്ചു.

## ക്രെഡിറ്റ് ക്യാമ്പുകൾ

സഹൃദയ വെസ്കോ ക്രെഡിറ്റിന്റെ നേതൃത്വത്തിൽ മഞ്ഞപ്ര, സൗത്ത് പറവൂർ, തൃപ്പൂണിത്തുറ, കോടനാട്, കുറ്റിപ്പുഴ, പുതുവാശ്ശേരി, വെണ്ണല, വിമലഗിരി, നെടുവന്നൂർ, സൗത്ത് ചമ്പന്നൂർ, കുറുമശ്ശേരി, കൊറ്റമം കാർഡിനൽ നഗർ, കോടുശ്ശേരി, കച്ചേരിപ്പടി, ഇല്ലിത്തോട്, അശോക പുരം, നടുവട്ടം, മൂന്നൂർപ്പിള്ളി, ചിറ്റനാട്, കവരപ്പറമ്പ്, ആനപ്പാറ, ചുള്ളി, അകപ്പറമ്പ്, മൂഴിക്കുളം, മാർട്ടിൻ നഗർ, ഈസ്റ്റ് ചേരാനല്ലൂർ, പുഷ്പഗിരി എന്നീ ഇടവകളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങളുടെ ക്രെഡിറ്റ് ക്യാമ്പ് നടത്തി.

## വായ്പ അനുവദിച്ചു:

- ചുണങ്ങംവേലി 9 അംഗങ്ങൾക്കായി 5,75,000 രൂപ
- നായത്തോട് 10 അംഗങ്ങൾക്കായി 6,60,000 രൂപ
- കോടനാട് വില്ലേജിലെ 8 അംഗങ്ങൾക്കായി 5,80,000 രൂപ
- സൗത്ത് പറവൂർ, തൃപ്പൂണിത്തുറ എന്നീ വില്ലേജുകളിലെ 27 അംഗങ്ങൾക്കായി 13,90,000 രൂപ
- പുതുവാശ്ശേരി, കുറ്റിപ്പുഴ എന്നീ വില്ലേജുകളിലെ 14 അംഗങ്ങൾക്കായി 9,85,000 രൂപ
- വിമലഗിരി 8 അംഗങ്ങൾക്കായി 4, 70,000 രൂപ
- വെണ്ണല വില്ലേജിലെ 9 അംഗങ്ങൾക്കായി 2,70,000 രൂപ
- മഞ്ഞപ്ര വില്ലേജിലെ 25 അംഗങ്ങൾക്കായി 15,75,000 രൂപ
- അകപ്പറമ്പ്, കവരപ്പറമ്പ് എന്നീ വില്ലേജുകളിലെ 15 അംഗങ്ങൾക്കായി 8,50,000 രൂപ
- ഈസ്റ്റ് ചേരാനല്ലൂർ വില്ലേജിലെ 9 അംഗങ്ങൾക്കായി 5,60,000 രൂപ
- പുഷ്പഗിരി വില്ലേജിലെ 13 അംഗങ്ങൾക്കായി 8,25,000 രൂപ
- മള്ളുശ്ശേരി, കുറുമശ്ശേരി, കൊടുശ്ശേരി എന്നീ വില്ലേജുകളിലെ 14 അംഗങ്ങൾക്കായി 10,70,000 രൂപ
- കൊറ്റമം, ഇല്ലിത്തോട്, പാറത്തെറ്റ എന്നീ വില്ലേജുകളിലെ 18 അംഗങ്ങൾക്കായി 12,60,000 രൂപ
- കാർഡിനൽ നഗർ വില്ലേജിലെ 11 അംഗങ്ങൾക്കായി 3,30,000 രൂപ
- ചുള്ളി, നടുവട്ടം, ആനപ്പാറ എന്നീ വില്ലേജുകളിലെ 45 അംഗങ്ങൾക്കായി 29,70,000 രൂപ

- കച്ചേരിപ്പടി, കരുമാലൂർ എന്നീ വില്ലേജുകളിലെ 12 അംഗങ്ങൾക്കായി 6,15,000 രൂപ
- മാർട്ടിൻ നഗർ വില്ലേജിലെ 9 അംഗങ്ങൾക്കായി 4,50,000 രൂപ
- മൂന്നൂർപ്പിള്ളി വില്ലേജിലെ 6 അംഗങ്ങൾക്കായി 2,80,000 രൂപ

## ഫാസ്റ്റ്ഫുഡ് ഉദ്യമി പരിശീലനം

സഹൃദയയുടെയും ഗ്രാമീണ തൊഴിൽ പരിശീലന കേന്ദ്രമായ RSETI എറണാകുളത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ പുത്തൻപള്ളി സെന്റ് ജോർജ് പാരീഷ് ഹാളിൽ സംഘടിപ്പിച്ച പത്ത് ദിവസം നീണ്ടുനിന്ന ഫാസ്റ്റ്ഫുഡ് ഉദ്യമിയുടെ പരിശീലന സമാപനത്തോടനുബന്ധിച്ച് ഭക്ഷ്യ പ്രദർശനം സംഘടിപ്പിച്ചു. 34 പരിശീലനാർത്ഥികളാണ് ക്ലാസ്സിൽ പങ്കെടുത്തത്. 10 ദിവസം നീണ്ടുനിന്ന പരിശീലനത്തിലൂടെ 35-ൽ പരം വിഭവങ്ങൾ പരിശീലിപ്പിച്ചു. കൂടാതെ സംരഭകത്വ വികസനം, ബാങ്കിംഗ്, സാമ്പത്തിക സാക്ഷരത, സ്ത്രീ ശാക്തീകരണം എന്നീ വിഷയങ്ങളിൽ ക്ലാസ്സുകളും നൽകി.

## ഹരിതകർമസേന പരിശീലനം

എറണാകുളം ജില്ലയിലെ പള്ളിക്കര, കുന്നത്തുനാട്, തിരുവാണിയൂർ ഗ്രാമപഞ്ചായത്തുകളിലെ ഹരിതകർമസേനാംഗങ്ങൾക്കുള്ള ത്രിദിന ശേഷിവികസന പരിശീലനം സംഘടിപ്പിച്ചു. ഇടുക്കി ജില്ലയിലെ രാജകുമാരി, ശാന്തൻപാറ, ഉടുമ്പൻ ചോല ഗ്രാമപഞ്ചായത്തുകളിലെ ഹരിതകർമസേനാംഗങ്ങൾക്കുള്ള ത്രിദിന ശേഷി വികസന പരിശീലനം സംഘടിപ്പിച്ചു.

## ആരോഗ്യപരിപാലന ക്ലാസ്സ്

തെങ്ങോട് ഇടവകയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘാംഗങ്ങൾക്കായി ആരോഗ്യപരിപാലന ക്ലാസ് സംഘടിപ്പിച്ചു.

## ഫെഡറേഷൻ മീറ്റിങ്ങും ഓണാഘോഷവും

ചേർത്തല മുട്ടം ഇടവകയുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വയം സഹായ സംഘങ്ങളുടെ ഫെഡറേഷൻ മീറ്റിങ്ങും ഓണാഘോഷവും സംഘടിപ്പിച്ചു. കണ്ടനാട് വില്ലേജിലെ സ്വയംസഹായ സംഘങ്ങളുടെ ഓണാഘോഷം പള്ളി ഹാളിൽ സംഘടിപ്പിച്ചു

## വാർഷിക ആഘോഷവും കുടുംബസംഗമവും

ചേർത്തല കിഴക്കുമുറി ഇടവകയുടെ കീഴിൽ പ്രവർത്തിക്കുന്ന ഉണർവ് പുരുഷ സ്വയം സഹായ സംഘത്തിന്റെ വാർഷികാഘോഷവും കുടുംബ സംഗമവും സംഘടിപ്പിച്ചു.

## സ്നേഹ മെന്റൽ ഹെൽത്ത് പ്രോഗ്രാം - മരുന്നുവിതരണം

സഹൃദയ മാനസികരോഗികളുടെ ക്ഷേമ, പുനരധിവാസപ്രവർത്തന ങ്ങൾക്കായി നടപ്പാക്കിവരുന്ന സ്നേഹ മാനസികാരോഗ്യ പദ്ധതിയുടെ ഭാഗമായി രോഗീ പരിചരണം നടത്തുന്നവർക്കുള്ള ബോധവത്കരണ ക്ളാസും സൗജന്യ മരുന്നുവിതരണവും നടത്തി.

## ജെ. എൽ. ജി. ഗ്രൂപ്പ് രൂപീകരണം

സഹൃദയ വെസ്കോ ക്രെഡിറ്റും ഫെഡറൽ ബാങ്കുമായി സഹകരിച്ച് നടപ്പിലാക്കുന്ന ജെ.എൽ.ജി. ആലുവ, ജിയോപുരം, താബോർ, കോടനാട്, മേലൂർ, കൊരട്ടി, കാഞ്ഞൂർ, ഉദയനാപുരം, പെരിയാർമുഖം, പുല്ലുവഴി, തലയോലപ്പറമ്പ്, ആലങ്ങാട്, കൊതവറ, തോട്ടുവ കൊല്ലക്കോട്, മൂന്നൂർപ്പിള്ളി,കിഴക്കമ്പലം, ഇല്ലിത്തോട്, ചെറായി, കൊളങ്ങായി, ചേന്ദ മംഗലം, ആരക്കുന്നം, ചുള്ളി, ഇടയാഴം, അശോകപുരം, വൈക്കം, സൗത്ത് ചമ്പന്നൂർ, മൂക്കന്നൂർ, കവരപ്പറമ്പ്, തലയോലപ്പറമ്പ്, അമ്പലമേട്, പീച്ചാനിക്കാട്, സെബിയൂർ, കൊറ്റമം എന്നീ വില്ലേജുകളിൽ രൂപീകരിച്ചു.

## ജനറൽ മെഡിക്കൽ ക്യാമ്പും സൗജന്യ മരുന്നുവിതരണവും

സഹൃദയയും റോട്ടറി കൊച്ചിൻ മിഡ് ടൗൺ ക്ലബ്ബും മുത്തൂറ്റ് ഫിനാൻസും സംയുക്തമായി തുതിയൂർ സെന്റ് ജോസഫ് പള്ളി ഹാളിൽ ജനറൽ മെഡിക്കൽ ക്യാമ്പും മരുന്നുവിതരണവും സംഘടിപ്പിച്ചു. ബ്ലഡ്, യൂറിൻ പരിശോധന, നേത്ര പരിശോധന, ജനറൽ മെഡിസിൻ എന്നീ വിഭാഗങ്ങളിലാണ് സേവനം ലഭ്യമാക്കിയത്. 200 പേർക്ക് ക്യാമ്പിൽ സേവനം നൽകി.

## ഭിന്നശേഷിക്കാർക്ക് സസ്യ പരിപാലന പരിശീലനം

സഹൃദയ, ഭിന്നശേഷിക്കാരുടെ ക്ഷേമ, പുനരധിവാസത്തിനായി നടപ്പാക്കിവരുന്ന സഹൃദയ സ്പർശൻ പദ്ധതിയുടെ ഭാഗമായി

ഭിന്നശേഷിക്കാർക്ക് തൊഴിലവസരങ്ങൾ ഉറപ്പുവരുത്തുന്നതിനായി കാൻ കോർ ഇൻഗ്രേഡിയൻസ് പ്രൈവറ്റ് ലിമിറ്റഡിന്റെ സഹകരണത്തോടെ അലങ്കാര അകത്തള സസ്യങ്ങളുടെ പരിപാലന പരിശീലന പരിപാടി സുബോധന പാസ്റ്ററൽ സെന്ററിൽ സംഘടിപ്പിച്ചു.

**ട്രാൻസ്ജെൻഡർ വ്യക്തികളുടെ ഓണാഘോഷം**

സഹൃദയ, എറണാകുളം ജില്ലാ പഞ്ചായത്തുമായി സഹകരിച്ച് ട്രാൻസ് ജെൻഡർ വ്യക്തികളുടെ ക്ഷേമത്തിനായി നടപ്പാക്കുന്ന മാരിവില്ല് ട്രാൻസ് ജെൻഡർ ക്ലിനിക്കിന്റെ ആഭിമുഖ്യത്തിൽ ഓണാഘോഷം സംഘടിപ്പിച്ചു. എൺപതിലേറെ ട്രാൻസ്ജെൻഡർ വ്യക്തികൾ പങ്കെടുത്തു.

**സഹൃദയ ഓണാഘോഷം**

സഹൃദയ സ്റ്റാഫംഗങ്ങളുടെ ഓണ സംഗമം പൊന്നുരുന്നിയിൽ സംഘടിപ്പിച്ചു. വയനാട് ദുരിതബാധിതർക്കായി സഹൃദയ നടപ്പാക്കുന്ന പുനരധിവാസ പദ്ധതിയിലേക്കുള്ള സ്റ്റാഫംഗങ്ങളുടെ സംഭാവന യോഗത്തിൽ കൈമാറി.

**സംഘം രൂപീകരണവും ശാക്തീകരണ ക്ലാസ്സും**

സഹൃദയ വെസ്കോ ക്രെഡിറ്റിന്റെ നേതൃത്വത്തിൽ കോനൂർ സെന്റ് ജോസഫ് പള്ളി ഹാളിൽ പുതിയ സംഘങ്ങളുടെ ശാക്തീകരണ ക്ലാസ്സും സംഘം രൂപീകരണവും നടത്തി.

**പരിസ്ഥിതി സംരക്ഷണ സെമിനാർ**

*ലൗദാത്തോ സി* ചാക്രിക ലേഖനത്തിന്റെ വെളിച്ചത്തിൽ സഹൃദയ ആനിമേറ്റർമാർക്കായി പരിസ്ഥിതി സംരക്ഷണ സെമിനാർ സംഘടിപ്പിച്ചു. ഡോ. ജോഷി വി. ചെറിയാൻ ക്ലാസ് നയിച്ചു.

**ഫാ. ജോസ് കൊളുത്തുവെള്ളിൽ**
**ഡയറക്ടർ**

# നൈപുണ്യ ഇന്റർനാഷണൽ

## 1) NAIPUNNYA INTERNATIONAL, CORPORATE OFFICE

**Contact: 9446339966, 0484-2381947**

- **Overseas Education**

- Experience a world-class higher education in Europeand benefit from an extensive choice of bachelor's and master'sprograms and more.
- Germany's top public universities are now accepting applications for summer 2025! Enjoy zero tuition fees for international students.
- Start your career journey in Germany with Ausbilding and FSJ.
- Take the next step in your nursing career! Explore top BSc Nursing programs abroad, gain international experience, and open doors to global opportunities in healthcare.

- **NICE (Naipunnya International Communicative English)**

- ഇംഗ്ലീഷ് ഭാഷ അനായാസം തെറ്റില്ലാതെ കൈകാര്യം ചെയ്യാൻ ഏവരെയും ഒരുക്കുന്ന കമ്മ്യൂണിക്കേറ്റീവ് ഇംഗ്ലീഷ് ബാച്ച് പഠനം തുടരുന്നു. 30 ദിവസങ്ങളിലെ സിലബസ് തയ്യാറാക്കി പഠിപ്പിക്കുന്നു. പഠിതാക്കൾക്ക് ടെക്സ്റ്റ് നൽകുന്നു. ഓൺലൈൻ & ഓഫ്‌ലൈൻ ബാച്ചിലേക്ക് താല്പര്യമുള്ള വിദ്യാർത്ഥികൾ, ഉദ്യോഗസ്ഥർ, രക്ഷിതാക്കൾ എന്നിവരെ സ്വാഗതം ചെയ്യുന്നു. പുതിയ ബാച്ച് ഉടൻ ആരംഭിക്കുന്നു. ഓഫ്‌ലൈൻ ആയും ഓൺലൈൻ ആയും പഠിക്കാവുന്നതാണ്.

## 2) NAIPUNNYA ACADEMY, RENEWAL CENTRE, KALOOR

**Contact: 9544919144 , 9072919144**

- **2024 സെപ്റ്റംബർ മാസത്തിലെ പ്രോഗ്രാമുകൾ**

1. ഇറ്റാലിയൻ കോഴ്സ് പുതിയ ഓഫ്‌ലൈൻ ബാച്ചുകൾ (A1, A2) ഒക്ടോബർ 1-ന് ആരംഭിക്കുന്നു.
2. ജർമൻ കോഴ്സ് ഓഫ്‌ലൈൻ ബാച്ച് (B2) ഒക്ടോബർ 3-ന് ആരംഭിക്കുന്നു.
3. ഫ്രഞ്ച് കോഴ്സ് ഓൺലൈൻ ബാച്ച് (A1) ഒക്ടോബർ 14-ന് ആരംഭിക്കുന്നു.

4. സിവിൽ സർവീസ് റെഗുലർ, സൺഡേ, ഫൗണ്ടേഷൻ & NICSA ബാച്ചിലേക്കുള്ള അഡ്മിഷൻ തുടരുന്നു (2024–2025).
5. സിവിൽ സർവീസ് ഔട്ട്റീച്ച് പ്രോഗ്രാമുകൾ തുടരുന്നു.

## 3) NAIPUNNYA ACADEMY, THRIKKAKARA

**Contact: 9544919133, 9947349966**

- **PROGRAMS: OCTOBER**

1. UGC NET/JRF PAPER I& PAPER II -Offline (Batch for 2024 DECEMBER exam)
2. BANK (IBPS, PO, CLERK, SO) -offline (new admission all Mondays)
3. SSC (CGL, CHSL, MTS) - -offline (new admission all Mondays)
4. RRB Offline (new admission all Mondays)
5. C MAT, K-MAT Offline (Admission for next Exams)
6. PSC Offline (new admission all Mondays)
7. IELTS Regular Offline & Online (All Mondays new batch)
8. PTE (Pearson Test of English) -Regular Offline & Online (All Mondays new batch)
9. COMMUNICATIVE ENGLISHRegular Offline & Online (All Mondays new batch)

## 4) NAIPUNNYA INTERNATIONAL, L.F. CAMPUS, ANGAMALY

**Contact: 9544919155, 9633338433**

IELTS, OET, PTE തുടങ്ങി വിദേശ വിദ്യാഭ്യാസത്തിനും നഴ്സിംഗ് ജോലികൾക്കും ആവശ്യമായ ഇംഗ്ലീഷ് ടെസ്റ്റ് പരിശീലന പരിപാടി നടത്തി വരുന്നു. വിദേശ രാജ്യങ്ങളിൽ ഉന്നത വിദ്യാഭ്യാസം സാധ്യമാക്കുവാൻ എല്ലാവിധ സഹായങ്ങളും ലഭ്യമാക്കുന്ന Overseas Education Consultancy ആയും പ്രവർത്തിച്ചുവരുന്ന Naipunnya International Angamaly Branch ൽ നിന്നും നിരവധി കുട്ടികൾ വിദേശവിദ്യാഭ്യാസം സാധ്യമാക്കിവരുന്നു.

## 5) NAIPUNNYA INTERNATIONAL, PALA

**Contact: 0482-2201546, 9947855132**

- For Overseas Education & Counselling

**ഫാ. സജി കണ്ണാപറമ്പൻ**
**ഡയറക്ടർ**

## ARCHDIOCESAN CORPORATE EDUCATIONAL AGENCY

**Renewal Centre, Azad Road, Kaloor, Kochi 682 017.**
*www.ernakulameducationcouncil.com • Mob: 7907106119*
*E-mail: ernakulameducation@gmail.com*

### മണ്ണംതുരുത്ത് എൽ.പി. സ്കൂളിന് പുതിയ മന്ദിരം

നൂറ്റാണ്ട് തികച്ച വരാപ്പുഴ മണ്ണംതുരുത്ത് സെന്റ് ജോസഫ് സ്കൂളിന്റെ പുതിയ മന്ദിരം 2024 സെപ്റ്റംബർ 22-ന് വൈകുന്നേരം വ്യവസായ മന്ത്രി ശ്രീ പി രാജീവ് ഉത്ഘാടനം ചെയ്തു. കോർപ്പറേറ്റ് മാനേജർ ഫാ. തോമസ് നങ്ങേലിമാലിൽ അധ്യക്ഷനായിരുന്ന പൊതുസമ്മേളനത്തിൽ ഹൈബി ഈഡൻ എം.പി., പഞ്ചായത്ത് പ്രസിഡന്റ് ശ്രീമതി കൊച്ചുറാണി ജോസഫ് എന്നിവർ സംസാരിച്ചു. സ്കൂൾ മാനേജർ ഫാ. അലക്സ് കാട്ടേഴത്ത് സ്വാഗതവും എച്ച്.എം. ശ്രീ. റാൽഫി എൻ.ടി. കൃതജ്ഞതയും അർപ്പിച്ചു. വെഞ്ചിരിപ്പ് കർമം രാവിലെ 10.00 മണിക്ക് പുത്തൻപള്ളി വികാരി ഫാ. അലക്സ് കാട്ടേഴത്ത് നിർവഹിച്ചു. ഇടവക സമൂഹത്തിന്റെയും കോർപ്പറേറ്റ് മാനേജ്മെന്റിന്റെയും പൊതുജനങ്ങളുടെയും അധ്യാപകരുടെയും യോജിച്ചുള്ള പ്രവർത്തനത്തിന്റെ ഫലമാണ് പുതിയ സ്കൂൾ മന്ദിരം.

### കോർപ്പറേറ്റ് ഏജൻസി കലോത്സവം

അതിരൂപത കോർപ്പറേറ്റ് ഏജൻസിയിലെ സ്കൂളിലെ വിദ്യാർത്ഥികൾക്കുള്ള കലാ മത്സരങ്ങൾ സെപ്റ്റംബർ 25, 26 തീയതികളിൽ കലൂർ റിന്യൂവൽ സെന്ററിൽ നടന്നു. നാൽപ്പതോളം ഇനങ്ങളിലായി ഏകദേശം 1500 വിദ്യാർത്ഥികൾ പങ്കെടുത്തു. പ്രസിദ്ധ സിനിമ- മിമിക്രി കലാകാരൻ ബൈജു ജോസ് കലോത്സവം ഉത്ഘാടനം ചെയ്തു. കോർപ്പറേറ്റ് മാനേജർ ഫാ. തോമസ് നങ്ങേലിമാലിൽ അദ്ധ്യക്ഷനായ സമ്മേളനത്തിൽ മാനേജിങ് കമ്മിറ്റി അംഗം പ്രൊഫ. ജോസഫ് സി. മറ്റം ആശംസകൾ നേർന്നു. അസി. മാനേജർ റെവ. ഫാ. ഡോ. ബെന്നി പാലാട്ടി സ്വാഗതവും കൺവീനർ ശ്രീ. അഗസ്റ്റിൻ വർഗീസ് നന്ദിയും പറഞ്ഞു.

**ഫാ. തോമസ് നങ്ങേലിമാലിൽ**
**കോർപ്പറേറ്റ് മാനേജർ**

# CATHOLIC TEACHERS GUILD

## വിദ്യാർത്ഥികളോടൊപ്പം സഞ്ചരിക്കുന്ന നല്ല സുഹൃത്തായി മാനവീകമൂല്യങ്ങളെ ഊട്ടിയുറപ്പിക്കുന്നവരാകണം അധ്യാപകർ

കേരള കാത്തലിക് ടീച്ചേഴ്സ് ഗിൽഡ് എറണാകുളം-അങ്കമാലി അതിരൂപത അധ്യാപകദിനാഘോഷം കലൂർ റിന്യൂവൽസെന്ററിൽ SCERT-യുടെ റിസർച്ച് ഓഫീസർ ശ്രീ. അജി ഡി.പി. ഉദ്ഘാടനം ചെയ്തു അതിരൂപത പ്രസിഡന്റ് ജീബ പൗലോസ് ആദ്ധ്യക്ഷ്യം വഹിച്ചു. രേഷമ സുരേന്ദ്രന്റെ ഗുരുവന്ദനത്തോടെ യോഗം ആരംഭിച്ചു. അതിരൂപത അസി.ഡയറക്ടർ റവ. ഡോ. ബെന്നി പാലാട്ടി മുഖ്യപ്രഭാഷണം നടത്തി. പ്രൊഫ. ഫ്രാൻസീസ് ജെ. ഇടത്രക്കരി വിവിധ മേഖലകളിൽ മികവിന് അർഹരായ 18 അധ്യാപകരെ ആദരിച്ചു. ബിജു തോമസ്, ബിനോയി ജോസഫ്, മാസ്റ്റർ ആൽഫിൻ സോജൻ, ജോയിമോൻ കെ.ജെ., റവ. സി. ഷിജി, ബെൻസി ടി. പോൾ, ലിൻസി ലൂക്കോസ്, ജിൻസി ജോൺ എന്നിവർ പ്രസംഗിച്ചു.

എസ്.എസ്.എൽ.സി, പ്ലസ്ടു പരീക്ഷയിൽ നൂറ് ശതമാനം വിജയം നേടിയ വിദ്യാലയങ്ങളെയും ടീച്ചേഴ്സ് ഗിൽഡ് സംഘടിപ്പിച്ച വിവിധമത്സരങ്ങളായ സംഘഗാനമത്സരം, മാതൃകാധ്യാപകൻ കുറിപ്പ് മത്സരം, സ്വാതന്ത്ര്യദിനത്തിന്റെ ഭാഗമായി വിദ്യാർത്ഥികൾക്കായി സംഘടിപ്പിച്ച പ്രസംഗമത്സരം, കൊളാഷ് മത്സരം, റിപ്പോർട്ടർ മത്സരം എന്നിവയിൽ വിജയികളായവർക്ക് ഉപഹാരങ്ങൾ നൽകുകയും ചെയ്തു. അതിരൂപതയിലെ വിവിധ വിദ്യാലയങ്ങളിൽ നിന്നായി ഏകദേശം 200 അധ്യാപകർ പങ്കെടുത്തു.

തൃക്കാക്കര കാർഡിനൽ ഹൈസ്ക്കൂൾ ആലപിച്ച ഗിൽഡ് ആന്തത്തോടെ അധ്യാപകദിനാഘോഷം സമാപിച്ചു.

**ഫാ. തോമസ് നങ്ങേലിമാലിൽ**
**ഡയറക്ടർ**

# അതിരൂപതാ ഡയറി

## ബിഷപ്പ് ബോസ്കോ പുത്തൂർ

### സെപ്റ്റംബർ 2024

01 വൈകിട്ട് എറണാകുളം ബസിലിക്ക ഫൊറോനാ കെ. സി. വൈ. എം. ന്റെ നേതൃത്വത്തിൽ നടത്തിയ യുവജനസംഗമം (ആനന്ദം 2024) ഉത്ഘാടനം ചെയ്തു.

02 രാവിലെ പുല്ലുവഴിയിൽ അരമനയിലെ സ്റ്റാഫ് ആയ സി. റിൻസി സി. പി. എസ് ന്റെ സഹോദരഭാര്യയുടെ മൃതശരീരത്തിങ്കൽ ഒപ്പീസ് ചൊല്ലി പ്രാർത്ഥിച്ചു.

ഉച്ചകഴിഞ്ഞ് അരമനയിൽ നടന്നന ഫൊറോനാവികാരിമാരുടെയും ആലോചനാസമിതി അംഗങ്ങളുടെയും സംയുക്ത യോഗത്തിൽ പങ്കെടുത്തു.

വൈകിട്ട് അതിരൂപതയിലെ ഡീക്കന്മാരുമായി കൂടിക്കാഴ്ച നടത്തി.

04 ഉച്ചകഴിഞ്ഞ് ചുണങ്ങംവേലി ഹോളി സ്പിരിറ്റ് കോൺവെന്റിൽ ബിജ്നോർ രൂപതയുടെ എമിരറ്റസ് ബിഷപ് ജോൺ വടക്കേൽ പിതാവിന്റെ സഹോദരി സിസ്റ്റർ ജൂലിറ്റ SHSP യുടെ മൃതദേഹം പൊതുദർശനത്തിനുവച്ചവേളയിൽ ഒപ്പീസ് ചൊല്ലി.

06 ഉച്ചയ്ക്ക് കളമശ്ശേരി രാജഗിരി പ്രൊവിൻഷ്യൽ ഹൗസിൽ സി. എം. ഐ. സഭാംഗമായ ബഹുമാനപ്പെട്ട വർഗ്ഗീസ് ചൊവ്വേലിയ്ക്കകത്ത് അച്ചന്റെ മൃതദേഹം പൊതുദർശനത്തിനുവച്ചവേളയിൽ ഒപ്പീസ് ചൊല്ലി.

വൈകിട്ട് തോപ്പിൽ മേരി ക്വീൻ പള്ളിയിൽ പരിശുദ്ധ കന്യകാമറിയത്തിന്റെ ജനനത്തിരുന്നാളിന് കൊടിയേറ്റത്തിനും ദിവ്യബലിയ്ക്കും കാർമികത്വം വഹിച്ചു. പാരിഷ് ഹാൾ ബഹുമാനപ്പെട്ട ചെറിയാൻ നേരേവീട്ടിൽ അച്ചന്റെ പേരിൽ പുനർനാമകരണം ചെയ്തു.

07 രാവിലെ കുന്നപ്പിള്ളിശ്ശേരി ബസീലിയൻ കോൺഗ്രിഗേഷന്റെ പുതിയ കോൺവെന്റിന് ശിലാസ്ഥാപനം നടത്തി.

രാവിലെ ആലങ്ങാട് ഇടവകയുടെ 725-ാം വാർഷികവും അഭിവന്ദ്യ ജോസഫ് കരിയാറ്റി പിതാവിന്റെ 238-ാം ചരമവാർഷികവും പ്രമാണിച്ച് നടത്തിയ പൊതുസമ്മേളനത്തിൽ ആദ്ധ്യക്ഷം വഹിച്ചു.

09 വൈകിട്ട് ചൂണ്ടൽ (തൃശ്ശൂർ) പള്ളിയിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

10 രാവിലെ എറണാകുളം ലിസി ആശുപത്രിയിൽ ബോർഡ് മീറ്റിംഗിൽ പങ്കെടുത്തു.

ഉച്ചകഴിഞ്ഞ് ആലുവ സെന്റ് ആന്റണീസ് മൊണാസ്ട്രിയിൽ സി. എം. ഐ. സഭാംഗവും ജീവസ് ധ്യാനകേന്ദത്തിന്റെ ഡയറക്ടറുമായ ബഹുമാനപ്പെട്ട ബെന്നി എണ്ണയ്ക്കാപ്പിള്ളി അച്ചന്റെ മൃതദേഹം പൊതുദർശനത്തിനുവച്ചവേളയിൽ ഒപ്പീസ് ചൊല്ലി.

12 രാവിലെ, ഷംഷാബാദ് രൂപതയുടെ പുതിയ മെത്രാനായി നിയമിതനായ അഭിവന്ദ്യ പ്രിൻസ് പാണേങ്ങാടൻ പിതാവിനെ അരമനയിൽ സ്വീകരിച്ചു.

14 അരമനയിലെ ഓണാഘോഷത്തിൽ പങ്കെടുത്തു.

15 രാവിലെ പറപ്പൂർ ഇടവകയിൽ വിശുദ്ധ കുർബാന അർപ്പിച്ചു.

16 രാവിലെ കാക്കനാട് പള്ളിയിൽ വിവാഹം ആശീർവ്വദിച്ചു.

17 അഭിവന്ദ്യ ജോസഫ് പാംബ്ലാനി പിതാവും ഡീക്കൻമാരുമൊരുമിച്ച് മീറ്റിംഗിൽ പങ്കെടുത്തു.

21 രാവിലെ താന്നിപ്പുഴ ദിവ്യകാരുണ്യ ആശ്രമത്തിൽ എം. സി. ബി. എസ് സന്യാസസഭാംഗമായ ബഹുമാനപ്പെട്ട ജോർജ് കരിന്തോളിൽ അച്ചന്റെ മൃതദേഹം പൊതുദർശനത്തിനുവച്ചവേളയിൽ ഒപ്പീസ് ചൊല്ലി.

ആദ്യകുർബാന സ്വീകരണത്തോടനുബന്ധിച്ച് രാവിലെ കോതമംഗലം കത്തീഡ്രൽ പള്ളിയിൽ വിശുദ്ധ കുർബാന അർപ്പിച്ച് ആദ്യകുർബാന നൽകി.

22 രാവിലെ, പുത്തൻപള്ളി ഇടവകയിൽ നിർമ്മിച്ച സ്കൂൾ കെട്ടിടത്തിൽ സ്ഥാപിക്കാനുള്ള കല്ല് വെഞ്ചിരിച്ച് നൽകി.

* * * * *



RNI No. 3421/57
Date of Publication: 01-10-2024
Registered: KL/EKM/748/2022-24
Annual Subscription ₹ 150
Per Copy ₹ 15

ERNAKULAM-ANGAMALY MAJOR ARCHEPARCHIAL BULLETIN

# ERNAKULAM MISSAM



മറിയം പറഞ്ഞു:
ഇതാ, കർത്താവിന്റെ ദാസി.
നിന്റെ വാക്ക് എന്നിൽ നിറവേറട്ടെ!
അപ്പോൾ ദൂതൻ അവളുടെ
മുമ്പിൽ നിന്നു മറഞ്ഞു.
(ലൂക്കാ 1:38)

Printed and Published by Fr. Biju Varghese for and on behalf of ARCHBISHOP OF ERNAKULAM and Printed at Viani Printing, Viani Buildings No. XXXIX/1524, Lisie Hospital Road, Ernakulam District, Cochin, Kerala-682018 and Published at Major Archbishop's House, Broadway, Ernakulam, Kerala-682031.
Editor: Fr. Biju Varghese.
www.ernakulamarchdiocese.org